മി. സ്പീക്കർ: ഓർഡർ...... ഓർഡർ....... ചോദ്യം നം. (* 151)

## റേഷൻ വിതരണത്തിനുള്ള മുൻഗണനാ പട്ടിക

* (151) ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. എം. സ്വരാജ്:
ശ്രീ. എൻ. വിജയൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) മുൻസർക്കാരിന്റെ കാലത്ത് ശേഖരിച്ച സ്ഥിതിവിവര കണക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റേഷൻ വിതരണത്തിനുള്ള മുൻഗണനാപട്ടികയിൽപ്പെട്ട അനർഹരെ നീക്കുന്നതിനും അർഹരായവരെ ഉൾപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) മൊത്തവിതരണത്തിനായി വാടകയ്ക്കെടുത്ത സ്വകാര്യ ഗോഡൗണുകളിൽ വച്ച് നടത്തുന്ന തിരിമറിയുടെ ഫലമായി റേഷൻ കടകളിൽ എത്തുന്ന ഭക്ഷ്യധാന്യത്തിൽ ഉണ്ടാകുന്ന വലിയ കുറവ് പരിഹരിക്കുന്നതിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; കാര്യക്ഷമമായ വാതിൽപ്പടി വിതരണത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന ക്രമീകരണങ്ങൾ അറിയിക്കാമോ ;

(സി) റേഷൻ വിതരണത്തിന് ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിച്ച പദ്ധതിയുടെ അവലോകനം നടത്തിയിരുന്നുവോ; സോഷ്യൽ ഓഡിറ്റ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വിധത്തിൽ എന്ന്

വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണനാ പട്ടിക തയ്യാറാക്കുകയും 01.11.2016 മുതൽ പ്രസ്തുത പട്ടിക പ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. ഈ കരട് പട്ടികയിന്മേൽ ലഭിച്ച പരാതികൾ പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ്, സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത തീരുമാനത്തിൽ അക്ഷേപമുള്ളവരുടെ പരാതി അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും 01.06.2017 മുതൽ പ്രസ്തുത പട്ടികയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം തുടർന്നുവരുകയും ചെയ്യുന്നു.

അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണനാ പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും, ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ

ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുന:ക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7,42,278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ ഇരട്ടിപ്പുള്ള അപേക്ഷകൾ ഒഴിവാക്കി 5,67,009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ടി അപേക്ഷകരിൽ അനർഹരെ ഒഴിവാക്കുന്നതുവഴി ഉണ്ടാകുന്ന ഒഴിവുകളിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി റാങ്കിംഗ് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ തീവ്ര പരിശ്രമത്തിന്റെ ഭാഗമായി സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ 91,169 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. അനർഹരെ ഒഴിവാക്കുന്നതിലേയ്ക്കായി ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശസ്വയംഭരണ വകുപ്പ്, മോട്ടോർ വാഹന വകുപ്പ് എന്നിവയിൽ നിന്നും ലഭ്യമായ വിവരങ്ങളുടേയും അടിസ്ഥാനത്തിൽ എ.എ.വൈ., മുൻഗണനാ, മുൻഗണനേതര സബ്സിഡി എന്നീ വിഭാഗങ്ങളിൽ നിന്ന് 262675 അനർഹരെ കണ്ടെത്താനും കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ അനർഹരെ ഒഴിവാക്കി അർഹതയുള്ളതായി

കണ്ടെത്തിയവരെ ഉൾപ്പെടുത്തി ലിസ്റ്റ് ഏപ്രിൽ മാസത്തോടെ കൃത്യമാക്കും. 2015 ലെ പി.ഡി.എസ് കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുന:പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി) സപ്ലൈകോ നടത്തുന്ന മൊത്തവിതരണ ശാലകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഓരോ വിഭാഗം ജീവനക്കാരും നിർവ്വഹിക്കേണ്ട ചുമതലകൾ സംബന്ധിച്ചുള്ള വ്യക്തമായ സർക്കുലറുകളും നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണുകൾ പരിശോധിക്കുന്നതിനായി സർക്കാർ തലത്തിലുള്ള സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ജില്ല/താലൂക്ക് സപ്ലൈ ഓഫീസർമാർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ എന്നിവരും പരിശോധന നടത്താറുണ്ട്. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കി വരുന്നു. സപ്ലൈകോ നടത്തുന്ന 148 എൻ.എഫ്.എസ്.എ. ഗോഡൗണുകളിലായി 155 ഇലക്ട്രോണിക് വെയിംഗ് മെഷീനുകളാണ് നിലവിലുള്ളത്. ഇതുകൂടാതെ 150 വെയിംഗ് മെഷീനുകൾ വാങ്ങുന്നതിനായി M/s Slintech എന്ന കമ്പനിക്ക് സപ്ലൈകോ പർച്ചേസ്

ഓർഡർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുകയും ആധാർ അധിഷ്ഠിത ബയോമെട്രിക് രീതിയിൽ റേഷൻ വിതരണം നടത്തുകയും ചെയ്തുവരുന്നു. എന്നാൽ ആധാർ ഇല്ലാത്തവർക്കും ബയോമെട്രിക് പരിശോധനയിൽ പരാജയപ്പെട്ടവർക്കും റേഷൻ വിതരണം നടത്തുന്നുണ്ട്. ആകെയുള്ള ട്രാൻസാക്ഷനുകളിൽ 83.96 ശതമാനവും ആധാർ പരിശോധന മുഖേനയാണ് നടത്തിയത്. 78.37% ഉപഭോക്താക്കൾ ഇപ്രകാരം റേഷൻ കൈപ്പറ്റിയിട്ടുണ്ട്. ബാക്കി ഇടങ്ങളിൽ മെഷീൻ സ്ഥാപിക്കുന്ന പ്രക്രിയ ഏപ്രിൽ 16-നു തീരും.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 അനുശാസിക്കുന്ന രീതിയിലുള്ള സോഷ്യൽ ആഡിറ്റിന്റെ പരീക്ഷണാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനായി ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസ് സോഷ്യൽ ഓഡിറ്റ് (പൈലറ്റ് പ്രോജക്ട്) നടത്തി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് സംസ്ഥാനത്ത് സോഷ്യൽ ഓഡിറ്റ് പ്രാവർത്തികമാവും.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ശേഖരിച്ച സ്ഥിതിവിവരക്കണക്കിന്റെ അടിസ്ഥാനത്തിലാണ് ഈ മുൻഗണന പട്ടിക

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തയ്യാറാക്കിയിട്ടുള്ളത്. ഈ പട്ടികയിൽ ആഡംബര കാറുകളുടെ ഉടമ, ബെൻസ്, ഓഡി തുടങ്ങിയ ആഡംബര കാറുകൾ ഉൾപ്പെടെയുള്ളവരുടെ പേരുവിവരം വന്നതായി ആക്ഷേപമുണ്ട്. അതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ അറിയിക്കുവാൻ കഴിയുമോ ?

ശ്രീ. പി. തിലോത്തമൻ: സർ, വിശദവിവരങ്ങൾ പറയാൻ ഇപ്പോൾ കഴിയില്ല. ധാരാളം കേസുകൾ അങ്ങനെയുണ്ടായിട്ടുണ്ട്. ഒരു കോടിരൂപ വിലയുള്ള ബി.എം.ഡബ്ല്യു. കാറുള്ളവർ ഉൾപ്പെടെ മുൻഗണന പട്ടികയിലുണ്ടായിരുന്നു. അതെല്ലാം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിച്ച് റേഷൻ വിതരണം ചെയ്യുമ്പോൾ ധാന്യ വിതരണത്തിൽ കുറവുവരാനിടയുണ്ട്. കാരണം, വാങ്ങാത്തവരുടെ ധാന്യങ്ങൾ ആവശ്യമുള്ളവർക്ക് കൊടുക്കുക തുടങ്ങിയ കാര്യങ്ങൾ നടക്കാതെവരും. അങ്ങനെ വരുമ്പോൾ കേന്ദ്ര വിഹിതത്തിൽ വെട്ടിക്കുറവുവരാൻ സാധ്യതയുണ്ട്. അതു പരിഹരിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിക്കാനാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, കരുനാഗപ്പള്ളിയിലെ ജനുവരി, ഫെബ്രുവരി മാസത്തിലെ എക്സ്പീരിയൻസ് നമ്മുടെ മുമ്പിലുണ്ട്. ജനുവരി മാസം 83.96% ധാന്യം വിതരണം ചെയ്യുകയുണ്ടായി. ഫെബ്രുവരി മാസം 79% ധാന്യവും വിതരണം ചെയ്യുകയുണ്ടായി. വിതരണം ചെയ്യാൻ ശേഷിക്കുന്ന ധാന്യങ്ങൾ

പൊതുവെ മുൻഗണനേതര പട്ടിക വിഭാഗത്തിന്റേതാണ്. മുൻഗണനേതര വിഭാഗത്തിലെ പട്ടികയിൽ അരി മിച്ചം വന്നാൽ ടൈഡ് ഓവർ അലോട്ട്മെന്റിൽപ്പെട്ടതായതുകൊണ്ട് സ്റ്റേറ്റിനുതന്നെ തീരുമാനമെടുത്ത് മുൻഗണനേതര വിഭാഗത്തിന്റെ അരിയുടെ അളവ് വർദ്ധിപ്പിക്കുവാൻ സാധിക്കും.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 2013-ലാണ് രാജ്യത്തിനാകെ ബാധകമായ ഭക്ഷ്യ ഭദ്രത നിയമം കൊണ്ടുവന്നത്. എന്നാലത് നടപ്പിലാക്കാൻ അന്നത്തെ ഗവൺമെന്റ് തയ്യാറാകാത്തതിന്റെ ഫലമായി കേരളം വലിയ ദുരിതത്തിലേയ്ക്ക് ചെന്നെത്തുകയാണുണ്ടായത്. 2016-ൽ ഇടതുമുന്നണി അധികാരത്തിൽ വന്നതിനുശേഷമാണ് ഭക്ഷ്യഭദ്രത നിയമം നടപ്പിലാക്കണമെന്നുള്ള കേന്ദ്രസർക്കാരിന്റെ കർശന നിർദ്ദേശം വന്നത്. അതിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ നീക്കിയപ്പോൾ പല ഭാഗത്തുനിന്നും വ്യത്യസ്തങ്ങളായ എതിർപ്പുകൾ ഉയർന്നുവന്നിട്ടുണ്ട്. മൊത്ത വ്യാപാരം തന്നെ, മൊത്തവ്യാപാര ഏജൻസികളിൽ നിന്നുംമാറ്റി സർക്കാർ ഏറ്റെടുത്തതിനെത്തുടർന്ന് മൊത്തവ്യാപാരികൾ ആദ്യം വലിയ പ്രശ്നമുണ്ടാക്കാൻ നോക്കി. രണ്ടാമത്, അതിന്റെ ട്രാൻസ്പോർട്ടേഷൻ ചുമതലയേറ്റെടുത്തതിനെ തുടർന്ന്, അതിന്റെ ചുമതലപ്പെട്ട ആളുകൾ പ്രശനമുണ്ടാക്കാൻ തുടങ്ങി. അതിനെ തുടർന്നാണ് ജി.പി.എസ്. സമ്പ്രദായം ഏർപ്പെടുത്താൻ തീരുമാനിച്ചത്. ഇപ്പോൾ പത്രങ്ങളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് റേഷൻകട ഉടമകളെ

സമര രംഗത്തേയ്ക്ക് കൊണ്ടുവരുവാനുള്ള ശ്രമവുമൊക്കെ നടക്കുന്നുണ്ടെന്നാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 31-05-2017-ൽ, ഒരു യോഗം ചേർന്ന് റേഷൻ കടക്കാരുടെ കമ്മീഷനുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് തീരുമാനമെടുത്തതായിട്ടാണ് മനസ്സിലാക്കുന്നത്. അതിന്റെ വിശദാംശങ്ങൾ എന്താണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ സംസ്ഥാനത്ത് റേഷൻ വിതരണ രംഗത്തുണ്ടായിരുന്ന 333 ഹോൾസെയിൽ വ്യാപാരികളെ പരിപൂർണ്ണമായിട്ടും ഒഴിവാക്കി, വാതിൽപ്പടി വിതരണത്തിന് സപ്ലൈകോയെ ചുമതലപ്പെടുത്തി. അതിൽ റേഷൻകട വ്യാപാരികൾക്ക് ആശങ്കകളുണ്ടായി. അവരുടെ വരുമാനത്തിൽ കുറവ് വരുന്ന കാര്യമായിരിക്കും എന്നുള്ളതുകൊണ്ടാണ് ആശങ്ക പ്രകടിപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് അവരുമായിട്ടും അവരുടെ സംഘടനാ ഭാരവാഹികളുമായിട്ടും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് ചർച്ച നടത്തി അതിന്മേൽ ഒരു തീരുമാനം, ഒരു പാക്കേജ് അംഗീകരിച്ചത്. 45 ക്വിന്റൽ ധാന്യം ഒരു റേഷൻകട ക്രയവിക്രയം ചെയ്യുണം. അങ്ങനെചെയ്യുന്ന റേഷൻ കടയ്ക്ക് ഗവൺമെന്റിന്റെ സഹായത്തോടുകൂടി 16,000/- രൂപ വരുമാനം ലഭിക്കത്തക്ക രൂപത്തിലൊരു പാക്കേജാണ് അംഗീകരിച്ചത്. 45 മുതൽ 72 ക്വിന്റൽ വരെയാകുമ്പോഴാണ്, അവർക്ക് 220 രൂപ പ്രകാരം ഒരു ക്വിന്റലിന്

കമ്മീഷന്റെ അടിസ്ഥാനത്തിൽ ഈ വരുമാനം ലഭിക്കേണ്ടത്. 45 ക്വിന്റലിൽ നിന്നും മുകളിലേക്ക് വരുന്നതിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ സപ്പോർട്ട് കുറയും. 72 ക്വിന്റൽ വരെയുള്ളവർക്ക് 16,000/- രൂപ, അതിന് മുകളിലേക്ക് വരുന്നവർക്ക് അതിനോടു ചേർന്ന് ഓരോ ക്വിന്റലിനും 220 രൂപയുടെ കൂടി വർദ്ധനവുണ്ടായി. അങ്ങനെ 22,000/- രൂപ വരെ ആനുകൂല്യം കിട്ടുന്ന ഒരു പാക്കേജാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. അത് ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന മുറയ്ക്ക് നടപ്പിൽ വരുത്തും.

ശ്രീ. എം. സ്വരാജ്: ബഹുമാനപ്പെട്ട സ്പീക്കർ, ഇവിടെ സൂചിപ്പിച്ച പോലെ മുൻസർക്കാരിന്റെ കാലത്ത് ശേഖരിച്ച സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റേഷൻ വിതരണത്തിനുള്ള മുൻഗണന പട്ടികയിലെ അനർഹരെ സംബന്ധിച്ചുള്ള കാര്യം പറഞ്ഞു. ഇതിലെ കണക്കുകൾ പരിശോധിക്കുമ്പോൾ സാധാരണ ഗതിയിൽ ഉണ്ടാകാനിടയുള്ള പിശകോ, സ്വാഭാവികമായി സംഭവിക്കുന്ന എന്തെങ്കിലും പ്രയാസങ്ങളോ അല്ലെന്നാണ് മനസ്സിലാകുന്നത്. സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ യാതൊരു കാരണവശാലും മുൻഗണന ലിസ്റ്റിൽ ഉൾപ്പെടാനിടയില്ലാത്ത ഒരു ലക്ഷത്തോളം ആളുകൾ അവരുടെ റേഷൻ കാർഡ് സറണ്ടർ ചെയ്തിട്ടുള്ളതായിട്ടാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരത്തിൽനിന്നും മനസ്സിലാകുന്നത്. ഇവിടെ ഒരു കോടി രൂപയിലധികം വിലയുള്ള കാർ

സ്വന്തമായിട്ടുള്ള ആളുകൾപോലും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നതായും പരാമർശിക്കുകയുണ്ടായി. അനർഹരായിട്ടുള്ള ആളുകൾ ഈ ലിസ്റ്റിൽ കടന്നു കൂടുന്നതിനുവേണ്ടി ബോധപൂർവ്വവും സംഘടിതവുമായ ശ്രമം, ഗൂഢാലോചന, മാനിപ്പുലേഷൻ നടത്തിയിട്ടുള്ളതായിട്ടാണ് കാണാൻ സാധിക്കുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ, സ്വാഭാവികമായും ഗൗരവതരമായ അന്വേഷണവും പരിശോധനയും നടത്തി അതിൽ ബോധപൂർവ്വമായ ക്രമക്കേട്, വീഴ്ച വരുത്തിയിട്ടുള്ളവരുടെ പേരിലെല്ലാം നടപടിയെടുക്കേണ്ടതാണ്. പക്ഷെ ഞാനിവിടെ ചോദ്യമെന്നനിലയിൽ പറയാനാഗ്രഹിച്ചത് ഇതല്ല. എം.എൽ.എ.-മാരുടെ ശിപാർശ കത്തോടുകൂടിയാണ് പലപ്പോഴും പുതിയ റേഷൻ കാർഡുകൾക്കുള്ള അപേക്ഷ സമർപ്പിക്കപ്പെടുന്നത് . അങ്ങനെ എല്ലാരേഖകളും സംഘടിപ്പിച്ച് എം.എൽ.എ.-മാരുടെ ശിപാർശ കത്തുംവച്ച് പുതിയ റേഷൻകാർഡിനുള്ള അപേക്ഷ സമർപ്പിച്ചാൽ അത് സമയബന്ധിതമായി അനുവദിക്കാതെ അനാവശ്യമായി നീട്ടിക്കൊണ്ടുപോകുന്ന ഒരു രീതി നമ്മുടെ സപ്ലൈ ഓഫീസുകളുമായി ബന്ധപ്പെട്ട് ഒരാക്ഷേപമെന്ന നിലയിൽ ഉയർന്നു വരുന്നുണ്ട്. ഇതിനൊരു മിനിമം സമയം നിശ്ചയിക്കാൻ സാധിക്കുമോ; ന്യായമായും റേഷൻ കാർഡ് ലഭിക്കേണ്ട കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭിക്കുന്നതിനുവേണ്ടി കൃത്യമായി ഒരു സമയം നിജപ്പെടുത്തിക്കൊടുക്കാൻ സാധിക്കുമോ എന്നുള്ളതാണ് ചോദ്യം? ശ്രീ. പി. തിലോത്തമൻ)

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ സംസ്ഥാനത്ത് വർഷങ്ങളായി റേഷൻ കാർഡ് വിതരണം നടക്കാതിരിക്കുകയായിരുന്നു. 2017 ജൂൺ മാസം മുതലാണ് റേഷൻ കാർഡ് വിതരണം ആരംഭിച്ചത്. 8018030 റേഷൻ കാർഡുകളാണ് വിതരണത്തിനുവേണ്ടി തയ്യാറാക്കിയത്. അതിൽ 99.6% റേഷൻ കാർഡുകളും വിതരണം ചെയ്തു. 21,903 റേഷൻ കാർഡുകളാണ് ഇനി വിതരണം ചെയ്യാനുള്ളത്. ഭൂരിഭാഗം ആളുകളും ആ റേഷൻ കാർഡുകൾ കൈപ്പറ്റാൻ വരാത്തവരാണ്. പത്രപ്പരസ്യവും അനുസംബന്ധിച്ചുള്ള അറിവുകളും കൊടുത്തുകൊണ്ട് തീർപ്പുകൽപ്പിക്കാനായി തീരുമാനമെടുത്ത് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഒരു സ്ഥലത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് റേഷൻ കാർഡിന് അപ്ലൈ ചെയ്യാനുള്ള അവസരമാണ് രണ്ടാമതായി കൊടുത്തത്. ഇതുവരെ 37655 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അത് പൂർണ്ണമായിക്കഴിഞ്ഞാൽ ആ ആളുകൾക്കുകൂടി റേഷൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കും. എന്നാൽ കൂട്ടിച്ചേർക്കാനുള്ളതും കുറവ് ചെയ്യാനുള്ളതുമായ അപേക്ഷകളാണ് ധാരാളമായിട്ടുള്ളത്. അവർക്ക് അതിനുള്ള സമയം അടിയന്തരമായി കൊടുക്കും. അതിന്മേലും അപേക്ഷ സ്വീകരിച്ച് അവസാനമായി തീർപ്പുകൽപ്പിച്ച് അവർക്കും പുതിയ റേഷൻ കാർഡ് നൽകാനുള്ള അവസരം ലഭ്യമാക്കും.

ശ്രീ. എൻ. വിജയൻ പിള്ള: സർ, റേഷൻ കൃത്യമായി വാങ്ങാത്തവരുടെ

റേഷൻ തടയുന്നതിന് നടപടി എടുത്തിട്ടുണ്ടോ; ഇങ്ങനെ റേഷൻ വാങ്ങാത്തവരുടെ കാർഡ് റദ്ദാക്കുമോ; കാർഡുടമയ്ക്ക് റേഷൻ സാധനങ്ങൾ താൽക്കാലികമായി വേണ്ടെന്ന് വയ്ക്കാൻ സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അതിന്മേൽ ഖണ്ഡിതമായ ഒരു തീരുമാനമെടുത്തിട്ടില്ല. പക്ഷേ തുടർച്ചയായി റേഷൻ വാങ്ങാതെ അവർ സറണ്ടർ ചെയ്യുകയാണെങ്കിൽ ആ റേഷൻ മറ്റുള്ളവർക്ക് ഉപയോഗപ്പെടുത്താൻ കഴിയും. തീർച്ചയായും ഇക്കാര്യത്തിൽ ഖണ്ഡിതമായ നിലപാടിലേക്ക് നമ്മൾ വരേണ്ടിവരും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നമ്മുടെ സംസ്ഥാനത്ത് മുൻഗണന പട്ടിക നിലവിൽ വന്നപ്പോൾ വലിയ ആക്ഷേപങ്ങളുണ്ടായി. അതേത്തുടർന്ന് വീണ്ടും മുൻഗണന പട്ടികയിൽ വരാനുള്ളവർക്ക് അപേക്ഷ കൊടുക്കാനുള്ള അവസരം നൽകുകയും ആ അപേക്ഷയിൽ ഹിയറിംഗ് നടത്തുകയും ചെയ്തു. ഇത്തരം അപേക്ഷകൾ സമർപ്പിക്കുന്ന ആളുകൾ മുഴുവനും അർഹതയുള്ളവരാണ്. പട്ടിണി പാവങ്ങളാണ്. അവർ ആദ്യത്തെ ലിസ്റ്റിൽ മുൻഗണന പട്ടികയിൽ വരാതെ പോയതുകൊണ്ടാണ് അപേക്ഷിച്ചത്. ഇത്ര പേരെ മാത്രമേ ഉൾപ്പെടുത്താൻ കഴിയൂ എന്ന ലിമിറ്റുണ്ട്. അതുകൊണ്ട് അപേക്ഷിച്ചവരെ മുഴുവനും ഉൾപ്പെടുത്താൻ കഴിയുമോ; അതുപോലെതന്നെ നിലവിലുള്ള കാർഡ് സ്പ്ലിറ്റ് ചെയ്ത്, ഒരു കുടുംബം രണ്ടായി, മകനോ മകളോ വേറെ പോകുകയാണങ്കിൽ, സ്പ്ലിറ്റ് ചെയ്ത

കാർഡുകൾ കൊടുക്കുന്നതിന് നിയന്ത്രണമുണ്ട്. കുറെ മാസങ്ങളായി കൊടുക്കുന്നില്ല. അതിനുള്ള അപേക്ഷ എന്ന് സ്വീകരിക്കും; അതിനെക്കുറിച്ചുള്ള നിലപാടും വ്യക്തമാക്കാമോ?

ശ്രീ. പി. തിലോത്തമൻ: സർ, നിലവിലുള്ള റേഷൻ കാർഡിൽ നിന്നും സ്പ്ലിറ്റ് ചെയ്ത് പുതിയ റേഷൻ കാർഡ് ആവശ്യമുള്ളവരുടെ അപേക്ഷ താമസിയാതെ ക്ഷണിക്കും. അതിന് വേണ്ടിയുള്ള സോഫ്റ്റ്‌വെയർ തയ്യാറായി വരുന്നതേയുള്ളൂ. രണ്ടാഴ്ചയ്ക്കുള്ളിൽ അതിന്മേൽ തീരുമാനമുണ്ടാകും. ബഹുമാനപ്പെട്ട അംഗം പറഞ്ഞ മുൻഗണന പട്ടികയിൽ ഉൾപ്പെടേണ്ടിയിരുന്ന അർഹതപ്പെട്ട 755,788 അപേക്ഷകളാണ് അവസാനമായി ലഭിച്ചത്. അതിൽ ഇരട്ടിപ്പുമെല്ലാം കഴിഞ്ഞ് 567,009 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്. 540,000 പേരും അർഹതപ്പെട്ടവരാണ് എന്നുള്ളതാണ് വസ്തുത. ഇപ്പോൾ കണ്ടെത്തിയ അനർഹരായ 262,000 പേരെ ഒഴിവാക്കുന്ന പ്രക്രിയ ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. മുൻഗണന പട്ടികയിലേക്കും മുൻഗണനേതര പട്ടികയിലെ സബ്സിഡിയിലേക്കും യോഗ്യയരായവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ ഉൾപ്പെടുത്തും. അതിനുശേഷവും ആ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. പ്രഥമദൃഷ്ട്യാ നാം കണ്ടെത്തിയ നാല് ചക്ര വാഹനങ്ങൾ സ്വന്തമായിട്ടുള്ളവരുടെ നമ്പരുണ്ട്. അത് ഫീൽഡ് പരിശോധന നടത്തി ഉറപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ആയിരം സ്ക്വയർഫീറ്റിന് മേൽ

വിസ്തീർണ്ണമുള്ള വീടുകളുടെ എണ്ണം ഒരുപാട് കണ്ടെത്തിയിട്ടുണ്ട്. അതും ഫീൽഡ് പരിശോധനയിൽ ശരിയാണെന്ന് ഉറപ്പുവരുത്തി, അർഹതയില്ലാത്തവരെ ഒഴിവാക്കിക്കൊണ്ട് അർഹതയുള്ളവരെ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങൾ താമസിയാതെ പൂർത്തിയാക്കും.

ശ്രീ. പി. കെ. ശശി: സർ, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഗോഡൗണുകൾ പൂട്ടാൻ ശാന്തകുമാർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലം മുതൽ നമ്മുടെ രാജ്യത്ത് നടപ്പാക്കാൻ തുടങ്ങിയിട്ടുള്ള നവലിബറൽ നയങ്ങളുടെ ഏറ്റവും വലിയ ദുരന്തമാണിത്. സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിൽ നിന്നും ഗവൺമെന്റ് പിന്മാറുകയാണ്. വിദ്യാഭ്യാസ രംഗത്തും ആരോഗ്യ രംഗത്തും മനുഷ്യന് ഭക്ഷണം കൊടുക്കുന്ന കാര്യത്തിലും ഗവൺമെന്റിന്റെ ഇടപെടൽ വേണ്ട എന്നതിന്റെ ഭാഗമായി ഇപ്പോൾ ആളുകൾക്ക് ഭക്ഷണം കൊടുക്കുന്ന കാര്യത്തിലും അരിയുൾപ്പടെയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലുമൊക്കെ ഗവൺമെന്റ് കടമ നിർവ്വഹിക്കാതെ പുറകോട്ട് മാറുകയാണ്. ഈ പ്രശ്നം ഗൗരവത്തോടുകൂടി കണക്കിലെടുത്ത് ഇത് പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്താൻ തയ്യാറാകണം. അതോടൊപ്പംതന്നെ ഞാൻ താമസിക്കുന്നതിനടുത്താണെങ്കിലും മണ്ണാർക്കാട് മണ്ഡലത്തിൽപ്പെട്ട അട്ടപ്പാടി

മേഖലയിൽ ആദിവാസി വിഭാഗത്തിന് നല്ല നിലവാരമുള്ള അരി ഗവൺമെന്റ് കൊടുക്കുന്നുണ്ട്, ആ അരിയെപ്പറ്റി ആർക്കും ആക്ഷേപമില്ല. പക്ഷേ ആദിവാസി വിഭാഗങ്ങൾക്ക് അരി ഭക്ഷണത്തോട് യാതൊരു താൽപ്പര്യവുമില്ല. അവർ പരമ്പരാഗതമായി സ്വീകരിച്ചുവരുന്ന ഭക്ഷണ രീതിയുണ്ട്. അവർ റാഗി, ചോളം തുടങ്ങിയ ഭക്ഷണ സാധനങ്ങളാണ് ഉപയോഗിക്കുന്നത്. അത്തരം സാധനങ്ങൾ ആദിവാസികൾക്ക് കൊടുക്കാനുള്ള സംവിധാനം ഈ ഗവൺമെന്റ് ഉണ്ടാക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ആദിവാസി മേഖലയിലെ റേഷൻ വിതരണം ഭംഗിയായി മെച്ചപ്പെട്ട രീതിയിൽ നടത്താനാവശ്യമായ കാര്യങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ മീറ്റിംഗ് വിളിച്ചിരിക്കുകയാണ്. ആദിവാസി ഊരുകളിൽ അരി എത്തിച്ചുകൊടുക്കുന്നതിനുള്ള നല്ല അനുഭവങ്ങൾ ഞങ്ങൾക്കുണ്ട്. ഒല്ലൂർ നിയോജകമണ്ഡലത്തിലെ എം.എൽ.എ. മുൻകൈയെടുത്ത് നല്ല ഒരു പദ്ധതി നടപ്പാക്കി. അത് നല്ല വിജയമെന്നാണ് ഞങ്ങൾക്ക് ബോദ്ധ്യപ്പെട്ടത്. രണ്ടാമത്, വനം വകുപ്പിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിന് ശ്രീ. ബി. ഡി. ദേവസ്സി, എം.എൽ.എ. അത്തരമൊരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിന്റെ വിശദാംശങ്ങളെല്ലാം ആലോചിക്കുന്നതിന് നാളെ യോഗം ചേരും. അതോടൊപ്പം ആദിവാസി മേഖലയിലെ ജനങ്ങൾക്ക് അവരുടെ ഏറ്റവും നല്ല

ഭക്ഷണ പദാർത്ഥമായ, അവർക്ക് സ്വീകാര്യമായ ഭക്ഷണ പദാർത്ഥമായ റാഗിയുൾപ്പെടെയുള്ള ഉൽപ്പന്നങ്ങൾ കൊടുക്കുന്നതിനെക്കുറിച്ചും ഗവൺമെന്റ് വളരെ ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, റേഷൻ വിതരണത്തിലെ അപാകതയെത്തുടർന്ന് പൊതുവിതരണ രംഗത്ത്, പ്രത്യേകിച്ച് ഓപ്പൺ മാർക്കറ്റിൽ, അരി വില ക്രമാതീതമായി വർദ്ധിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വില കുറച്ചുകൊണ്ടുവരുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; കേരളത്തിനകത്തുനിന്ന് സംഭരിക്കുന്ന നെല്ല് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ പൊതുവിതരണ സമ്പ്രദായവുമായി ബന്ധപ്പെടുത്തി എങ്ങനെയാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; നമ്മുടെ നാട്ടിലെ റേഷൻ കടകൾ വളരെ വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് പ്രവർത്തിക്കുന്നത്. കാറ്റും വെളിച്ചവും കടക്കാതെ എലിയും കീടങ്ങളുമൊക്കെ നിറഞ്ഞിരിക്കുന്ന സാഹചര്യമാണ് 90 ശതമാനം റേഷൻ കടകളിലുമുള്ളത്. കേരളാ ഗവൺമെന്റിന്റെ എംബ്ലം വച്ച് ഏറ്റവും മനോഹരമായ റേഷൻ കടകൾ സംസ്ഥാനത്തുണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: അങ്ങയുടെ ചോദ്യങ്ങളെല്ലാം പ്രസക്തമാണ്. അങ്ങ് മൂന്ന് ചോദ്യം ചോദിച്ചു.

ശ്രീ. പി. തിലോത്തമൻ: സർ, സംസ്ഥാനത്തെ അരിവില വർദ്ധിച്ചത്

റേഷൻ പൊതുവിതരണ രംഗത്തുണ്ടായ തകരാർ കൊണ്ടല്ല. കഴിഞ്ഞ മാസങ്ങളിൽ അരിയുടെ വിലയിൽ വർദ്ധനവുണ്ടായി. ഏതായാലും ഇപ്പോൾ അത് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഏത് കാലത്തെക്കാളും കാര്യക്ഷമമായി റേഷൻ വിതരണം ഇവിടെ നടക്കുന്നുണ്ട്. കേന്ദ്രം നമുക്ക് നൽകുന്ന അലോട്ട്മെന്റ് കുറവാണെങ്കിലും അതിന്റെ മേജർ പോർഷൻ ജനങ്ങളിലേക്ക് എത്തിക്കാനാവശ്യമായ നടപടികളാണ് NFSA നടപ്പാക്കുന്നതിലൂടെ നമ്മൾ ചെയ്തുകൊണ്ടിരിക്കുന്നത്. അരിയുടെ വില വർദ്ധനവുണ്ടാക്കിയ സാഹചര്യമെന്താണെന്ന് ഞാൻ പ്രത്യേകിച്ച് പറയേണ്ടതില്ല. നമ്മൾ പല പ്രാവശ്യം ചർച്ച ചെയ്തിട്ടുള്ളതാണ്. റേഷൻ പൊതുവിതരണ കേന്ദ്രം/റേഷൻ കടകൾ ഇന്നത്തെ സ്ഥിതിയിൽനിന്നും മാറ്റാനാവശ്യമായ കാര്യങ്ങൾ തീർച്ചയായും ചെയ്യും. അതിനൊരു കളർ, സർക്കാരിന്റെ എംബ്ലം ഉൾപ്പെടെ വച്ച് ഫർണിഷ് ചെയ്യണം. അത് പരസ്യപ്പെടുത്തണം. ആർക്ക്, എവിടെ നിന്ന് നോക്കിയാലും റേഷൻ കട തിരിച്ചറിയാൻ കഴിയുംവിധം റേഷൻ കടകളെ നവീകരിക്കുവാനുള്ള ലക്ഷ്യം വകുപ്പിന്റെ മുമ്പിലുണ്ട്. തീർച്ചയായും അതിനുള്ള നടപടി സ്വീകരിക്കുമെന്നാണ് അറിയിക്കുവാനുള്ളത്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ജനക്ഷേമകരമായ പ്രവർത്തനങ്ങൾ മാത്രമാണല്ലോ നമ്മുടെ ഗവൺമെന്റിന്റെ മുഖമുദ്ര. കാൻസർ, കരൾ രോഗം ബാധിച്ച മനുഷ്യരിൽ ചിലർ നിർഭാഗ്യവശാൽ അർഹതപ്പെട്ട റേഷൻ

മാനദണ്ഡത്തിൽ നിന്നും വിട്ടുപോയിട്ടുണ്ട്. അത് കുറച്ചുകൂടി ദ്രുതഗതിയിൽ, മുൻകാലങ്ങളിൽ അത്തരം പ്രവണത ഉണ്ടായിരുന്നു. പക്ഷെ അത് കളക്ടറേറ്റിൽ ചെല്ലുക, താഴേക്ക് വരിക, ഇതൊന്നും ചെയ്തുകൊടുക്കാൻ അവരുടെ വീട്ടിൽ ചിലപ്പോൾ ആരും കാണുകയില്ല. അത്തരക്കാർക്ക് വളരെ വേഗത്തിൽ റേഷൻ കിട്ടാനും മുൻഗണന പട്ടികയിൽ വരാനുമുള്ള ദ്രുതഗതിയിലുള്ള സംവിധാനം ഏർപ്പെടുത്താൻ പരിശ്രമിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മൾ മാനദണ്ഡങ്ങൾ പുന:ക്രമീകരിച്ചപ്പോൾ മാരകരോഗം ബാധിച്ചവർക്ക് മുൻഗണന പട്ടികയിൽ വരാനുള്ള പ്രത്യേകമായ നിർദ്ദേശമാണ് തയ്യാറാക്കിയത്. ഈ അസുഖം ബാധിച്ചവരും മുൻഗണന പട്ടികയിൽ ഉൾപ്പെടാത്തവരുമായവരെ വേഗം തന്നെ ഉൾപ്പെടുത്താനാവശ്യമായ നടപടി അതാത് ജില്ലാകളക്ടർമാർക്കുതന്നെ സ്വീകരിക്കാവുന്നതാണ്. അക്കാര്യങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്, 2016-ൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നതോടുകൂടിയാണ് റേഷനിംഗ് സമ്പ്രദായത്തിന്റെ പരിഷ്കരണത്തെക്കുറിച്ച് നാം ചിന്തിച്ചത്. അതിന്റെ ഫലമായി ബയോമെട്രിക് ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) എല്ലാ കടകളിലും ട്രാൻസ്പരൻസിക്കുവേണ്ടി മൂന്ന് മാസംകൊണ്ട് നടപ്പിലാക്കുമെന്ന് വകുപ്പുമന്ത്രി പറഞ്ഞിരുന്നതാണ്. കരുനാഗപ്പള്ളിയിലെ 60 ഷോപ്പുകളിൽ

പൈലറ്റ് പ്രോജക്റ്റാക്കി അത് നടപ്പിലാക്കാൻ ഒരു ശ്രമം നടത്തിയതല്ലാതെ കേരളത്തിലാകെ അത് വ്യാപിപ്പിക്കാനുള്ള നടപടികളൊന്നും സ്വീകരിച്ചു കാണുന്നില്ല. ഉപഭോക്താക്കൾക്ക് റേഷൻ, ആഹാരം കിട്ടുകയെന്നുള്ളത് ഒരു റൈറ്റായി തീരണം. ഒരു മൗലികാവകാശമെന്നുള്ള നിലയിൽ അത് നടത്തണം. അതിന് പല കാര്യങ്ങളും ആലോചിക്കേണ്ടി വരും. ഇന്നത്തെ റേഷൻ മേഖലയിലുള്ള പ്രതിസന്ധികളും റേഷൻ ഡീലേഴ്സിന്റെ പ്രശ്നങ്ങളും ഉപഭോക്താക്കളുടെ പ്രശ്നങ്ങളും സമഗ്രമായി ചർച്ച ചെയ്യുന്നതിന് ഒരു കോൺഫറൻസ് വിളിച്ചുകൂട്ടിയോ ആരെയെങ്കിലും അതിനുവേണ്ടി നിയോഗിച്ചോ ഒരു വ്യക്തമായ തീരുമാനം എടുക്കാൻ സാധിക്കുമോ; അതോ ഇതേ മാതിരി ഇഴഞ്ഞിഴഞ്ഞ് പോകാൻ തന്നെയാണോ ഉദ്ദേശിക്കുന്നതെന്നാണ് എന്റെ ചോദ്യം?

ശ്രീ. പി. തിലോത്തമൻ: സർ, ഇ-പോസ് മെഷീൻ പൈലറ്റ് പ്രോജക്റ്റായി നടപ്പിലാക്കിയത് കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലാണ്. കരുനാഗപ്പള്ളിയിലെ 60 ഷോപ്പുകളിലാണ് അത് സ്ഥാപിച്ചത്. രണ്ട് മാസമായി അതിന്റെ പ്രവർത്തനത്തിന്റെ അനുഭവം നമ്മുടെ മുമ്പിലുണ്ട്. കൊല്ലം ജില്ലയിൽ പൂർണ്ണമായും ഇ-പോസ് മെഷീൻ വച്ചുകഴിഞ്ഞു. കോട്ടയം ജില്ലയൊഴിച്ച് സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും ജില്ലാ കേന്ദ്രങ്ങളിലെ ഫർക്കുകളിൽ മെഷീൻ വച്ചുകഴിഞ്ഞു. അവിടത്തെ ആളുകൾക്ക് പരിശീലനവും

കൊടുത്തുകഴിഞ്ഞു. കോട്ടയം ജില്ല ഇന്നും നാളെയുംകൊണ്ട് പൂർത്തിയാകും. അടുത്തത് ഇടുക്കി ജില്ലയാണ്. പിന്നീട് വയനാട് ജില്ലയാണ്. ഇങ്ങനെ ജില്ലകൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരുനാഗപ്പള്ളിയിലെ 60 ഷോപ്പുകളിൽ മെഷീൻ നടപ്പിലാക്കിയതിന്റെ എക്സ്പീരിയൻസ് തീർച്ചയായും വേണമായിരുന്നു. അതിന്റെ പ്രവർത്തനക്ഷമത എത്രയുണ്ടെന്ന് പരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ നടപടി പൂർത്തിയാക്കിയത്. മാർച്ച് 31 എന്നുള്ളത് ഏപ്രിൽ 16-ഓടുകൂടി സംസ്ഥാനത്ത് പൂർണ്ണമായി ഇ-പോസ് മെഷീൻ സ്ഥാപിച്ച് പരിശീലനവും പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കാൻ കഴിയുമെന്ന കാര്യം ഉറപ്പാക്കിയിട്ടുണ്ട്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> സർ, ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കാതെ 5 വർഷം അടയിരിക്കുകയും എൽ.ഡി.എഫ്. ഗവൺമെന്റ് ഇഴഞ്ഞുനീങ്ങാതെ വളരെ വേഗം നടപ്പിലാക്കുകയും ചെയ്ത നടപടിയെ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ടുണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് അങ്ങയുടെ നേതൃത്വത്തിൽ നടത്തുന്ന നടപടികളെല്ലാം ശ്ലാഘനീയമാണ്. ഏറ്റവും പ്രധാനപ്പെട്ട ഒരു ചോദ്യം, ആദിവാസി മേഖലയിൽ വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; അവിടെ ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനുള്ള ചെലവ്

ഗവൺമെന്റാണോ വഹിക്കുന്നത്; അതുമായി ബന്ധപ്പെട്ട് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; ഓർഫണേജുകൾക്ക് നേരത്തെ ഭക്ഷ്യധാന്യം കൊടുത്തു കൊണ്ടിരുന്നതാണ്. ഇപ്പോൾ അത് നൽകുന്നില്ല. അത് പുനഃസ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ എന്ത് നടപടി സ്വീകരിക്കും?

ശ്രീ. പി. തിലോത്തമൻ: സർ, വാതിൽപ്പടി വിതരണത്തിന്റെ പരിപൂർണ്ണമായ ചെലവ് ഗവൺമെന്റാണ് വഹിക്കുന്നത്. വാതിൽപ്പടി വിതരണമെന്ന് പറഞ്ഞാൽ എല്ലാ റേഷൻ കടകളിലും എത്തിക്കുകയെന്നുള്ളതാണ്. റേഷൻ കടകളിൽ വന്ന് ഉത്പ്പന്നങ്ങൾ വാങ്ങി 20-23 കിലോമീറ്റർ ദൂരം നടന്നുപോകേണ്ട അനുഭവമാണ് പല ആദിവാസി ഊരുകളിലെയും ആളുകൾക്കുള്ളത്. അത് കണ്ടുകൊണ്ടാണ് ഒല്ലൂരിൽ... ഊരുകളിൽ എത്തിച്ചുകൊടുക്കുന്ന സമ്പ്രദായം സ്വീകരിച്ചത്. സംസ്ഥാന വ്യപകമായി അത്തരം നടപടികൾ സ്വീകരിക്കാൻ എങ്ങനെ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഉൾപ്പടെ ആലോചിക്കുന്നതിനും തീരുമാനം എടുക്കുന്നതിനും വേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നാളെ മീറ്റിംഗ് വച്ചിരിക്കുന്നത്. ആദിവാസികൾക്ക് ലഭിക്കേണ്ട റേഷൻ സാധനങ്ങൾ കൃത്യമായി അവർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ഇതുവഴി സാധിക്കുമെന്ന കാര്യം ഉറപ്പാണ്. ഓർഫണേജുകൾക്ക്, വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് ധാന്യം നൽകുന്നതിന് കേന്ദ്രത്തിന്റെ അലോട്ട്മെന്റ് ഉണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ

സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദത്തിൽ അരി തന്നില്ല. ആദ്യ ടേമിൽ മാത്രമാണ് നമുക്ക് വഹിതം തന്നത്. കിട്ടിയതിനേക്കാൾ കൂടുതൽ ധാന്യം വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻസിന് പങ്കുവച്ചുകൊടുത്തിട്ടുണ്ട്. പുതിയ ഇൻസ്റ്റിറ്റ്യൂഷനുകൾക്ക് കൊടുക്കണമെങ്കിൽ, അളവിൽ കൂടുതൽ കൊടുക്കണമെങ്കിൽ അരി പുതുതായി കണ്ടെത്തേണ്ടതുണ്ട്. കേന്ദ്രം തന്നാൽ പ്രയാസമുണ്ടായിരുന്നില്ല. കേന്ദ്രം രണ്ടാം ഘട്ടത്തിൽ തരേണ്ടത് തന്നിട്ടില്ല.

മി. സ്പീക്കർ: നിങ്ങളെല്ലാവരും ഇങ്ങനെ കൈ ഉയർത്തിയാൽ കാര്യമില്ല. എല്ലാവർക്കും ഉപചോദ്യം കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബയോമെട്രിക് സംവിധാനമുള്ള ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിന് ഇതുവരെ എന്ത് തുക ചെലവായിട്ടുണ്ട്; പദ്ധതി പൂർത്തീകരിക്കുമ്പോൾ എന്ത് തുക ചെലവ് വരും; ഇ-പോസ് മെഷീൻ സ്ഥാപിക്കാൻ കരാർ ഏർപ്പെടുത്തിയിട്ടുള്ള കമ്പനി മറ്റെവിടെങ്കിലും ഈ പദ്ധതി നടപ്പിൽ വരുത്തി പരിചയമുള്ളവരാണോ?

ശ്രീ. പി. തിലോത്തമൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത കമ്പനിയായിരുന്നു L-1. അവർ ഇന്ത്യയിലെ 18 സംസ്ഥാനങ്ങളിൽ ഇ-പോസ് മെഷീൻ, ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തി എക്സ്പീരിയൻസുള്ളവരാണ്. അതിന്റെ അടങ്കൽ തുക കൃത്യമായി എന്റെ ഓർമ്മയിലില്ല. 59 കോടി രൂപയെന്നാണ് ഞാൻ

മനസ്സിലാക്കുന്നത്.

മി. സ്പീക്കർ: 152-ാം നമ്പർ ചോദ്യവുമായി 153-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് നോട്ടീസ് ലഭിച്ചിട്ടുണ്ട്. 153-ാം നമ്പർ ചോദ്യം ഫ്ലോറിൽ വരും.

രാഷ്ട്രീയ കൊലപാതകങ്ങൾ

2(*152) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അടൂർ പ്രകാശ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കണ്ണൂർ ജില്ലയിൽ പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും കേസുകളിൽ അന്വേഷണം നടത്തുന്നതിനും സാധിക്കാത്ത സ്ഥിതിവിശേഷം സംജാതമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് പോലീസിന് കഴിയുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ നാട്ടിലെ ക്രമസമാധാനനിലയെ ഇത് എപ്രകാരം ബാധിച്ചുവെന്ന വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂരിൽ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നുവെന്ന് അറിയിക്കുമോ; അതിൽ പ്രതിസ്ഥാനത്തുള്ളത് ഏതൊക്കെ രാഷ്ട്രീയ കക്ഷിയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ;

(ഡി) ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്ന കേസുകളിൽ യു.എ.പി.എ. ചുമത്താമെന്ന് പ്രസ്തുത നിയമത്തിന്റെ 15-ാം വകുപ്പിൽ അനുശാസിക്കുന്നുണ്ടോ;

(ഇ) എങ്കിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകൻ എടയന്നൂർ ഷുഹൈബിനെ കൊലചെയ്യുന്നതിന് മുമ്പ് ബോംബെറിഞ്ഞ് ഭീകരാന്തരീക്ഷം സൃഷ്ടിച്ച പ്രതികൾക്കെതിരെ യു.എ.പി.എ. ചുമത്താത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രമുഖ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ തമ്മിൽ നടക്കുന്ന സംഘർഷങ്ങളും കൊലപാതകങ്ങളും നിയന്ത്രിക്കുന്നതിന് പോലീസിന് കഴിഞ്ഞിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂരിൽ ഒൻപത് രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്. ഇതിൽ ബി.ജെ.പി., സി.പി.ഐ.(എം.), എസ്.ഡി.പി.ഐ. എന്നീ രാഷ്ട്രീയ കക്ഷികളുടെ പ്രവർത്തകർ പ്രതിപട്ടികയിലുണ്ട്.

(ഡി) ഇന്ത്യാ മഹാരാജ്യത്തിന്റെ പരമാധികാരത്തിനും സുരക്ഷയ്ക്കും ഒത്തൊരുമയ്ക്കും ജനങ്ങൾക്ക് ഭീഷണി ഉയർത്തണമെന്നുള്ള ഉദ്ദേശ്യത്തോടെയോ,

തീവ്രവാദ പ്രവർത്തനങ്ങൾക്കും മറ്റുമായോ, ബോംബോ സ്ഫോടക വസ്തുക്കളോ ഉപയോഗിക്കുകയാണെങ്കിൽ യു.എ.പി.എ. ആക്ട് 1967-ലെ 15-ാം വകുപ്പ് ചുമത്താവുന്നതാണ്.

(ഇ) ഇതുവരെ നടത്തിയ അന്വേഷണത്തിൽ ഈ കേസ്സിൽ യു.എ.പി.എ. അനുശാസിക്കുന്ന വ്യവസ്ഥ പ്രകാരം കുറ്റം ചുമത്താൻ ആവശ്യമായ തെളിവുകൾ ലഭ്യമായിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കണ്ണൂരിൽ രാഷ്ട്രീയ കൊലപാതകങ്ങൾ ഒരു തുടർക്കഥപോലെ നീണ്ടുപോകുകയാണ്. ഓരോ കൊലപാതകം കഴിയുമ്പോഴും നമ്മൾ ആഗ്രഹിക്കുന്നത് ഇത് അവസാനത്തേതാകണമെന്നാണ്. പക്ഷെ കൊലപാതകങ്ങൾ പിന്നെയും കണ്ണൂരിൽ അരങ്ങേറുകയാണ്. കൊന്നവരെ ചിലപ്പോഴെങ്കിലും നിയമത്തിന് മുന്നിൽ കൊണ്ടുവരാൻ കഴിയുന്നുണ്ടെങ്കിലും മരണ വാറണ്ട് പുറപ്പെടുവിക്കുന്നവരെ നമുക്ക് നിയമത്തിന്റെ മുന്നിൽ കൊണ്ടുവരാൻ കഴിയുന്നില്ലെന്നുള്ളതാണ് കണ്ണൂരിലെ കൊലപാതകങ്ങൾ ഇങ്ങനെ നീണ്ടുപോകുന്നതിന്റെ ഏറ്റവും പ്രധാനപ്പെട്ട കാരണം. ഏറ്റവും ഒടുവിലത്തെ ഷുഹൈബ് വധക്കേസിലും യഥാർത്ഥത്തിൽ പ്രതികളെ പിടിച്ച് രണ്ടാഴ്ച കഴിഞ്ഞിട്ടും ഗൂഡാലോചനയുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും മുന്നോട്ടുപോകുന്നില്ലെന്നുള്ളതാണ് പത്രവാർത്തകളിൽനിന്ന് കാണുന്നത്. ഈ അന്വേഷണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയുള്ള പുരോഗതി

ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ കേസിൽ ഫലപ്രദമായ അന്വേഷണമാണ് പോലീസ് നടത്തുന്നത്. പോലീസിന്റെ ഇടപെടൽ സംബന്ധിച്ച് യാതൊരുവിധ പരാതികളും ഗൗരവമായി ഉയർന്നിട്ടുമില്ല. പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ കേസുമായി ബന്ധപ്പെട്ട് ഇനി ആരെയെങ്കിലും പിടികൂടാനുണ്ടെങ്കിൽ അവരെ എല്ലാവരെയും പിടികൂടുന്ന നിലയിൽത്തന്നെയാണ് പോലീസ് അന്വേഷണം നീങ്ങുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കണ്ണൂർ ജില്ലയിലെ ഷുഹൈബ് കൊലപാതകവുമായി ബന്ധപ്പെട്ട് പിടിക്കപ്പെട്ട പ്രതികൾക്ക് അദ്ദേഹവുമായി സാമ്പത്തിക ഇടപാടോ അതിർത്തി തകർക്കമോ അല്ലെങ്കിൽ എന്തെങ്കിലും പൂർവ്വ വ്യക്തിവൈരാഗ്യമോ ഇല്ലെന്നുള്ളത് എല്ലാവർക്കും ഇതിനകംതന്നെ ബോദ്ധ്യപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ ആ പ്രദേശത്തുപോലുമല്ലാത്ത ഈ പ്രതികൾക്കു പിന്നിലും കൊല്ലിച്ചവരുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടാണ് ആ പ്രതികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി ഷുഹൈബിന്റെ വാപ്പയും ഉമ്മയും സഹോദരിമാരുമുൾപ്പടെയുള്ളവർ സി.ബി.ഐ. പോലുള്ള മറ്റ് ഏജൻസികളെക്കൊണ്ട് ഇത്തരം കാര്യം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാന്യനായ മന്ത്രി എ. കെ. ബാലൻ കണ്ണൂരിൽ വന്ന്

ഏത് അന്വേഷണവും ആകാമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. പക്ഷെ, ഗവൺമെന്റ് പിന്നീട് സി.ബി.ഐ. അന്വേഷണം നിരാകരിക്കുന്ന സാഹചര്യമാണ് ഉണ്ടായത്. എന്തുകൊണ്ടാണ് ഗവൺമെന്റ് ഈ പാവപ്പെട്ട രക്ഷിതാക്കളുടെ പ്രയാസം ഉൾക്കൊണ്ട് ഒരു സി.ബി.ഐ. അന്വേഷണമെന്നുള്ള തലത്തിലേയ്ക്ക് പോകുന്നതിന് മടികാണിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, സി.ബി.ഐ. രാജ്യത്തെ അന്വേഷണ ഏജൻസിയാണ്. സംസ്ഥാനത്തെ കാര്യങ്ങൾ പോലീസുമാണ് അന്വേഷിക്കുന്നത്. പോലീസിന്റെ അന്വേഷണത്തിന് ഫലം കാണാൻ കഴിയുന്നില്ലെങ്കിൽ ചില ഘട്ടങ്ങളിൽ സി.ബി.ഐ. അന്വേഷിക്കുന്നതിന് പൊതുവിൽ ആവശ്യം ഉയരാറുണ്ട്. സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടികളും സ്വീകരിക്കാറുണ്ട്. ഇക്കാര്യത്തിൽ പോലീസിന്റെ അന്വേഷണം ശരിയായ രീതിയിലാണ് മുന്നോട്ടു പോയിട്ടുള്ളത്. പ്രതികളെ പിടികൂടാനും കഴിഞ്ഞിട്ടുണ്ട്. കേസുമായി ബന്ധപ്പെട്ട നടപടികളിൽ പോലീസിന്റെ ഭാഗത്തുനിന്ന് ഒരു വീഴ്ചയും സംഭവിച്ചിട്ടില്ല. അത്തരമൊരു സാഹചര്യത്തിൽ ദേശീയ അന്വേഷണ ഏജൻസി വന്ന് അന്വേഷിക്കേണ്ട ആവശ്യം ഉയരുന്നില്ല. അതുകൊണ്ടുതന്നെയാണ് ആ അന്വേഷണം വേണ്ടെന്ന് വച്ചത്.

(ശ്രീ. അടൂർ പ്രകാശ്)

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ ശ്രീ. എ.കെ. ബാലൻ നിയമ

വകുപ്പുമന്ത്രിയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കണ്ണൂർ കളക്ടറേറ്റിൽ സമാധാനയോഗം നടന്നു. അങ്ങ് ചുമതലപ്പെടുത്തിയതനുസരിച്ചാണ് നിയമ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹം കളക്ടറേറ്റിലേയ്ക്ക് പോയത്. പ്രസ്തുത യോഗത്തിനുശേഷം സി.ബി.ഐ. ഉൾപ്പെടെയുള്ള ഏത് അന്വേഷണവും നടത്താൻ തയ്യാറാണെന്ന് ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു. ഷുഹൈബിന്റെ ബാപ്പയും ഉമ്മയും കൊടുത്ത പരാതി ബഹുമാന്യനായ മുഖ്യമന്ത്രിയുടെ കൈവശമുണ്ട്. ആ പരാതിയിൽ പറഞ്ഞിരിക്കുന്നതും സി.ബി.ഐ. അന്വേഷണമാണ് ആവശ്യമെന്നും അതാണ് ഉചിതമെന്നുമാണ്. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ മടി കാണിക്കുന്നത്; സി.ബി.ഐ. അന്വേഷണം വേണ്ടെന്ന തീരുമാനം എന്തുകൊണ്ടാണ് ഗവൺമെന്റ് എടുത്തതെന്ന് അങ്ങ് വ്യക്തമാക്കണം. കണ്ണൂരിലെ രാഷ്ട്രീയ കൊലപാതകങ്ങൾ തുടർന്നുകൊണ്ടിരുന്ന സാഹചര്യത്തിൽ ബഹുമാന്യനായ ഗവർണ്ണർ മുഖ്യമന്ത്രിയെ വിളിച്ചു വരുത്തിയിരുന്നു. ആ യോഗത്തിൽ അങ്ങ് അവിടെ കൊടുത്ത ചില ഉറപ്പുകളുണ്ട്. ആ ഉറപ്പിന്റെ അടിസ്ഥാനത്തിൽ കണ്ണൂരിൽ എത്ര സമാധാന യോഗങ്ങൾ നടന്നുവെന്ന് അങ്ങ് ബഹുമാനപ്പെട്ട ഗവർണ്ണറെ അറിയിച്ചിട്ടുണ്ട് എന്നുകൂടി വ്യക്തമാക്കാമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പങ്കെടുത്ത യോഗത്തിൽ ഇതുമായി ബന്ധപ്പെട്ടുള്ള അന്വേഷണം ഫലപ്രദമായി

നടത്തുമെന്നാണ് പറഞ്ഞത്. അങ്ങനെ ഫലപ്രദമായി അന്വേഷണം നടത്തുന്നതിനുള്ള എല്ലാ നടപടിയും സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതല്ലാതെ മറ്റേതെങ്കിലും ഏജൻസി വന്ന് അന്വേഷിക്കുമെന്ന ഉറപ്പ് അദ്ദേഹം അന്നവിടെ നൽകിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് സമാധാന സംഭാഷണങ്ങൾ എല്ലാ ഘട്ടത്തിലും നടത്താറുണ്ട്. കളക്ടറുടെ നേതൃത്വത്തിലും ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിലും മുഖ്യമന്ത്രി ഇടപെട്ടും സംഭാഷണങ്ങൾ നടത്തിയിട്ടുണ്ട്.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, അങ്ങിവിടെ നൽകിയ മറുപടിയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കണ്ണൂരിൽ 9 രാഷ്ട്രീയ കൊലപാതകങ്ങളാണ് ഉണ്ടായതായി പറഞ്ഞിരിക്കുന്നത്. അത് വലിയൊരു alarming rate ആണ്. കൊലപാതക രാഷ്ട്രീയങ്ങൾ വർദ്ധിതമായ നിലയിൽ വരുന്നു. അവിടെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇരകളുടെ വീട് സന്ദർശിക്കുന്ന ഒരു ആശയം നടപ്പിലാക്കുകയുണ്ടായി. വലിയ രീതിയിലുള്ള മാധ്യമശ്രദ്ധ അക്കാര്യത്തിൽ ഉണ്ടാകുകയും ചെയ്തു. പക്ഷേ അതിനുശേഷവും രാഷ്ട്രീയ കൊലപാതകങ്ങൾ കണ്ണൂരിൽ അരങ്ങേറിയിട്ടുണ്ട്. ഇതിന്റെ യഥാർത്ഥ ഗൂഢാലോചനക്കാരെ കണ്ടെത്താതെ ഇത്തരത്തിലുള്ള ആശയങ്ങൾ കൊണ്ടുമാത്രം കണ്ണൂരിലെയും കേരളത്തിലെയും രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ കഴിയുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (25.05.2016 മുതൽ) 2016-ൽ 10 രാഷ്ട്രീയ കൊലപാതകങ്ങളാണ് ഉണ്ടായിരുന്നത്. എന്നാൽ 2017-ൽ അത് 5 രാഷ്ട്രീയ കൊലപാതകങ്ങളായി കുറയുകയാണ് ചെയ്തത്. കൊലപാതകങ്ങളുടെ എണ്ണം വർദ്ധിക്കുന്ന നിലയല്ല, നമുക്ക് കുറച്ച് കൊണ്ടുവരാൻ കഴിയുന്നു എന്നുള്ളതുതന്നെയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, സി.പി.ഐ.(എം.) പ്രവർത്തകരെ തല്ലിയോടിച്ചും പാർട്ടി ഓഫീസിൽനിന്ന് അവരെ അടിച്ചിറക്കി പാർട്ടി ഓഫീസുകൾ താഴിട്ട് പൂട്ടിയും ലെനിന്റെ പ്രതിമകൾ തകർത്തും ബി.ജെ.പി. ത്രിപുരയിൽ നടത്തുന്ന തേർവാഴ്ചയിൽ ശക്തമായി അപലപിച്ചുകൊണ്ട് ഞാൻ എന്റെ ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്. കണ്ണൂരിലെ എടയന്നൂരിൽ ജീവകാരുണ്യ പ്രവർത്തകനും യൂത്ത് കോൺഗ്രസിന്റെ നിയോജകമണ്ഡലം സെക്രട്ടറിയും മൂന്ന് പെങ്ങൾമാർക്കുള്ള ഏക ആങ്ങളയുമായ 30 വയസ്സുപോലും തികയാത്ത ഷുഹൈബിനെ 41 വെട്ടുവെട്ടി കൊന്ന കേസിലെ കൊലയാളികളെല്ലാം സി.പി.ഐ.(എം.) പ്രവർത്തകരാണെന്ന് ഡി.ജി.പി. പരസ്യമായി പ്രസ്താവിച്ചിട്ടുണ്ട്. ആ പ്രവർത്തകർ സ്വയമെടുത്തൊരു തീരുമാനമല്ല. സി.പി.ഐ.(എം.)-ന്റെ സംഘടനാ രീതികൾ അനുസരിച്ച് പാർട്ടിയുടെ തീരുമാനമില്ലാതെ പാർട്ടി പ്രവർത്തകർ അത് നടപ്പിലാക്കില്ല.

ഇക്കാര്യത്തിൽ സി.പി.ഐ.(എം.)-നുള്ള പങ്കിനെക്കുറിച്ച് അന്വേഷിക്കാനോ ഇവരുടെ മുകൾ ഘടകങ്ങളിൽപ്പെട്ട ആരെയെങ്കിലും വിളിച്ച് ചോദ്യം ചെയ്യാനോ ഇതുവരെയെങ്കിലും ഗവൺമെന്റും അന്വേഷണ ഉദ്യോഗസ്ഥൻമാരും തയ്യാറായിട്ടുണ്ടോ; അതുപോലെത്തന്നെ നേരത്തെ നടന്നിട്ടുള്ള സംഘർഷങ്ങളിൽ മുഖ്യമന്ത്രിയും ആർ.എസ്.എസ്.-ന്റെ നേതാക്കാൻമാരും തിരുവനന്തപുരത്ത് ഒരു പഞ്ചനക്ഷത്ര ഹോട്ടലിൽ നടത്തിയ ചർച്ചയുടെ വിവരങ്ങൾ എന്താണെന്നും അന്ന് എന്തെങ്കിലും എഗ്രിമെന്റ് ഒപ്പിട്ടിട്ടുണ്ടോ എന്നും അതിൽ എന്തെങ്കിലും വ്യവസ്ഥകൾ ആർ.എസ്.എസുമായി നിങ്ങൾ ഒപ്പിട്ടിട്ടുണ്ടോ എന്നുള്ള വിവരവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കണം.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, സംഘട്ടനങ്ങൾ നമ്മളാരും ആഗ്രഹിക്കുന്ന കാര്യമല്ല. അത് എവിടെ ഉണ്ടായാലും നിർഭാഗ്യകരമാണ്. പ്രത്യേകിച്ച് ജീവൻ അപായപ്പെടുത്തുക എന്നതിനോട് നമ്മുടെ സമൂഹം കൃത്യമായി അപലപിച്ചു പോകുന്ന നിലതന്നെയാണ് സ്വീകരിച്ചു വരാറുള്ളത്. സർക്കാർ എന്നുള്ള നിലയ്ക്ക് ഇക്കാര്യത്തിൽ സ്വീകരിച്ചത് ഒരു സംഭവം ഉണ്ടായാൽ പിന്നീടത് ആവർത്തിക്കാതിരിക്കാൻ ഉതകുംവിധമുള്ള കർക്കശമായ നടപടികളാണ്. ആ നടപടി തന്നെയാണ് ഓരോ സംഭവത്തിലും സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി രാഷ്ട്രീയ സംഘർഷങ്ങളാകുമ്പോൾ അതിൽ ബന്ധപ്പെട്ട കക്ഷികളെ വിളിച്ച് സംസാരിക്കുക, സമാധാനം ഉറപ്പ

വരുത്തുക തുടങ്ങിയ ശ്രമവും സർക്കാർ നടത്താറുണ്ട്. എല്ലാ സംഭവങ്ങളിലും ഇത് നടത്തിയതായി കാണാൻ കഴിയും. ഇക്കാര്യത്തിലും അതിന്റെ ഭാഗമായാണ് ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി പങ്കെടുത്തുകൊണ്ടുള്ള കണ്ണൂരിലെ യോഗം ചേർന്നിരുന്നത്. അതൊരു പ്രക്രിയയാണ്. സമാധാനം നമ്മുടെ നാട്ടിൽ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്ന എല്ലാവരും അംഗീകരിക്കുന്ന ഒരു പ്രക്രിയയാണത്. ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ എത്രമാത്രം കർക്കശമായ നടപടികൾ സ്വീകരിക്കണമോ അത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുക എന്നതുതന്നെയാണ് സർക്കാർ കാണുന്നത്. ഇതിൽ മുഖം നോക്കുന്ന പ്രശ്നമേയില്ല.

ശ്രീ. ജെയിംസ് മാത്യു: സർ, ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി വർഗ്ഗീയ ലഹളകളും കലാപങ്ങളും ഗുണ്ടാവിളയാട്ടങ്ങളും താരതമ്യേന കുറഞ്ഞ സംസ്ഥാനമാണ് കേരളം എന്ന കാര്യത്തിൽ സംശയമില്ല. രാഷ്ട്രീയ സംഘർഷങ്ങളും സംഘട്ടനങ്ങളും അതിന്റെ ഭാഗമായുണ്ടാകുന്ന കൊലപാതകങ്ങളും താരതമ്യേന കേരളത്തിൽ വർദ്ധിച്ചു വരുന്നു എന്നുള്ള സ്ഥിതിയില്ല. കുറഞ്ഞു വരികയും ചെയ്യുന്നുണ്ട്. ഇവിടെ ഞാൻ ഉന്നയിക്കുന്ന ചോദ്യം, നമ്മുടെ സംസ്ഥാനത്തിന് ഇത്തരത്തിൽ വർഗ്ഗീയ ലഹളകളും കലാപങ്ങളും ഗുണ്ടാവിളയാട്ടവും കുറയുന്നതിന് കാരണമാകുന്ന വിധത്തിൽ രാഷ്ട്രീയ ധ്രുവീകരണം, യഥാർത്ഥത്തിൽ ഇത്തരം പ്രശ്നങ്ങളെ

പ്രതിരോധിക്കുന്നതിനുവേണ്ടി കോൺഗ്രസും മറ്റിതര മതനിരപേക്ഷത ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയ പാർട്ടികളും എടുക്കുന്ന നിലപാടിന്റെകൂടി ഫലമായിട്ടാണ് ഇത്തരത്തിലുള്ള രാഷ്ട്രീയ സംഘർഷങ്ങൾ വർദ്ധിച്ചുവരുന്നത് എന്നകാര്യം പരിശോധിക്കാനും രാഷ്ട്രീയമായ സംഘർഷങ്ങളിലേയ്ക്ക് പോകാതെ തന്നെ ഇത്തരത്തിലുള്ള വർഗ്ഗീയ ലഹളകളെയും ഗുണ്ടാവിളയാട്ടങ്ങളെയും പ്രതിരോധിക്കാൻ ആവശ്യമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, രാഷ്ട്രീയ സംഘർഷങ്ങൾ സംഭവിക്കുമ്പോൾ ഇപ്പോൾ ചെയ്യുന്ന നടപടി ഒരു ഭാഗത്ത് പോലീസ് കർക്കശമായ നടപടി സ്വീകരിക്കുക എന്നതും മറ്റൊരു ഭാഗത്ത് ഇതുമായി ബന്ധപ്പെട്ട് സർവ്വകക്ഷി യോഗം ചേരുക, ആവശ്യമാണെങ്കിൽ ഉഭയകക്ഷി ചർച്ച നടത്തുന്നതിന് പ്രേരിപ്പിക്കുക എന്നതുമാണ്. ഇത്തരം നടപടികളെല്ലാം സമാധാനം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ളതാണ്. ഇന്നുള്ള നിയമം കുറേക്കൂടി കർക്കശമാക്കേണ്ടതുണ്ട്. അത്തരത്തിൽ രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടാകുമ്പോൾ ശക്തമായ സംവിധാനങ്ങൾ ഒരുക്കുന്നതിന് നിയമ ഭേദഗതി ആവശ്യമുണ്ടോ എന്നുള്ളതും പൊതുവെ ആലോചിക്കേണ്ടൊരു കാര്യമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23 രാഷ്ട്രീയ കൊലപാതകങ്ങളാണ്

ഉണ്ടായിട്ടുള്ളത്. 21 മാസത്തിനുള്ളിൽ 23 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായത് പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനും കേസന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള സ്ഥിതിവിശേഷം സാധിക്കാത്തതുകൊണ്ടാണ്. പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ ഒരു കേസുമായി ബന്ധപ്പെട്ട് ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ജില്ലാ സെക്രട്ടറി സ്റ്റേഷനിൽ കുത്തിയിരിപ്പ് നടത്തി പ്രതികളെ മോചിപ്പിക്കുന്നു. കൂത്തുപറമ്പിൽ പോലീസ് സ്റ്റേഷനിൽ അതിക്രമിച്ച് കയറി പ്രതികളെ മോചിപ്പിക്കാൻ ശ്രമിക്കുന്നു. ഇത്തരം സംഭവങ്ങളിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിക്കാത്തത്; അങ്ങനെ സ്വീകരിക്കാത്തതുകൊണ്ട് കണ്ണൂർ ജില്ലയിൽ പോലീസിന് നിഷ്പക്ഷവും നീതിപൂർവ്വവുമായ പ്രവർത്തനം നടത്താൻ കഴിയാത്ത അവസ്ഥ വന്നിട്ടുണ്ട് എന്നതൊരു യാഥാർത്ഥ്യമാണ്. ഇക്കാര്യത്തിൽ എന്ത് നടപടിയെടുക്കാനാണ് അങ്ങ് ആഗ്രഹിക്കുന്നത്; അതുപോലെതന്നെ നേരത്തെ ഉണ്ടായിരുന്ന രാത്രികാല പട്രോളിംഗ്, ബോംബ് ഉൾപ്പെടെയുള്ള മാരകായുധങ്ങൾ കണ്ടെത്താൻ 24 മണിക്കൂറുമുള്ള റെയ്ഡുകൾ എന്നിവയെല്ലാം കണ്ണൂർ ജില്ലയിൽ നിലച്ചിരിക്കുന്നു എന്ന പരാതി നിലവിലുണ്ട്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പോലീസിന് സ്വതന്ത്രമായി

പ്രവർത്തിക്കാനുള്ള അധികാരവും അവകാശവുമുണ്ട്. അക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ഗവൺമെന്റ് ഇടപെടലിന്റെ ഫലമായി പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനുള്ള ഒരു പ്രയാസവും ഉണ്ടായിട്ടില്ല. ഇവിടെ ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലുള്ള ഏതെങ്കിലും ഇടപെടൽ പോലീസ് സ്റ്റേഷനിൽ കയറിയോ, മറ്റുതരത്തിലോ, പോലീസിനെതിരെ ഉണ്ടായാൽ അതൊന്നും പോലീസിന്റെ നടപടികളെ ബാധിക്കുന്ന കാര്യമല്ല. അത്തരം കാര്യങ്ങൾ നിയമപ്രകാരം സ്വീകരിക്കേണ്ട നടപടികളിലൂടെതന്നെ നേരിടും. ആവശ്യമായ അന്വേഷണ രീതികൾ ഫലപ്രദമായി മുന്നോട്ടു കൊണ്ടുപോകുകയും ചെയ്യും. കണ്ണൂർ ജില്ലയിലെന്നല്ല, സംസ്ഥാനത്ത് ഒരിടത്തും അന്വേഷണത്തിൽ യാതൊരു തടസ്സവും സംഭവിച്ചിട്ടില്ല. പോലീസ് സ്റ്റേഷനുകളിൽ കയറിയും പോലീസിനുനേരെ കുതിരകയറിയും നിയമക്രമപാലനം തകർക്കാനുള്ള ശ്രമമുണ്ടായാൽ കർക്കശമായ നടപടി സ്വീകരിക്കണമെന്ന് പോലീസിനോട് തന്നെ നിർദ്ദേശിച്ചിട്ടുമുണ്ട്.

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കുന്ന കാര്യത്തിലും അക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്ന കാര്യത്തിലും

ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വളരെ അഭിനന്ദനാർഹമാണ്. ഇവിടെ പോലീസ് സ്റ്റേഷൻ അക്രമിക്കുകയും മണൽകടത്തു കേസിലെ പ്രതികളെ മോചിപ്പിക്കാൻ ഇടപെടുകയും ചെയ്ത എം.പി.മാരെയും എം.എൽ.എ.മാരെയും സംരക്ഷിക്കുന്ന നിലപാടാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. എന്നാൽ ഏതെങ്കിലും ഒരു രാഷ്ട്രീയ പാർട്ടിയിൽ അംഗമായിട്ടുപോലും ആ പാർട്ടിയുടെ അംഗമാണെന്ന ഒരു പരിഗണനയും നൽകാതെ കൊലപാതക കേസുകളിൽ സർക്കാർ നടത്തുന്ന സത്യസന്ധമായ അന്വേഷണം വളരെ അഭിനന്ദനാർഹമാണ്. ഞാൻ ചോദിക്കുന്ന ചോദ്യം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 18 സി.പി.ഐ.(എം) പ്രവർത്തകർ കൊലചെയ്യപ്പെട്ടു. ഈ 18 സി.പി.ഐ.(എം) പ്രവർത്തകരെ കൊലചെയ്തത് ആർ.എസ്.എസ്. ആണ്. ആർ.എസ്.എസ്-നെതിരായ കേസ്സുകൾ ദുർബലമാക്കിയും അവർ പ്രതികളായ കേസുകൾ എഴുതിത്തള്ളുകയും ചെയ്യുന്ന സമീപനമായിരുന്നില്ലേ കേരളത്തിൽ ആർ.എസ്.എസ്.-ന് ഇത്തരത്തിൽ അക്രമം നടത്താൻ പ്രോൽസാഹനമായിത്തീർന്നത്; ഈ അക്രമങ്ങൾ അവസാനിപ്പിക്കാൻ ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അക്രമ കാര്യങ്ങളിൽ ആര് എന്നത് പ്രശ്നമേ അല്ല. ഏത് കൂട്ടർ ആക്രമണം നടത്തിയാലും അതിനെതിരെ കർക്കശമായ നടപടികളുണ്ടാകും. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ചില കാര്യങ്ങൾ മുൻപ് നമ്മുടെ സംസ്ഥാനത്ത് സംഭവിച്ചിരുന്നു എന്നത് ശരിയാണ്. അതിന്റെ കണക്കുകളിലേക്കൊന്നും ഇപ്പോൾ ഞാൻ പോകുന്നില്ല.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കണ്ണൂർ കൊലപാതക കേസുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്ന അന്വേഷണങ്ങളുടെ വിവരങ്ങൾ ചോർന്നുപോകുന്നുവെന്ന് പോലീസ് ഉദ്യോഗസ്ഥർതന്നെ പറഞ്ഞിരുന്നു. എല്ലാ ഉദ്യോഗസ്ഥർക്കിടയിലുമുള്ളതുപോലെ പോലീസ് അസോസിയേഷൻ പോലീസ് ഡിപ്പാർട്ടുമെന്റിലുമുണ്ട്. ആ പോലീസ് അസോസിയേഷന്റെ രാഷ്ട്രീയ അതിപ്രസരത്തിന്റെ ഭാഗമായാണ് ഇത് നടക്കുന്നതെന്ന വ്യാപകമായ പരാതിയുമുണ്ട്. ഇന്നലെ ബഹുമാന്യനായ മുഖ്യമന്ത്രി കൊടികുത്തലുമായി ബന്ധപ്പെട്ട് വളരെ ഇച്ഛാശക്തിയോടുകൂടി ആ പ്രവർത്തനങ്ങളിൽ നിയന്ത്രണമേർപ്പെടുത്തുമെന്ന് പറഞ്ഞു. ആഭ്യന്തര വകുപ്പിന്റെ കീഴിലുള്ള പോലീസ് അസോസിയേഷനുമായി ബന്ധപ്പെട്ട തലത്തിൽ

നിന്നാണോ ഇത്തരം പ്രവണതകൾ വരുന്നതെന്ന് പരിശോധിച്ച് അത് നിയന്ത്രിക്കാനാവശ്യമായ നടപടകൾ സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. പിണറായി വിജയൻ: സർ, പോലീസിൽ നിന്നു വിവരങ്ങൾ ചോർന്നു എന്ന മട്ടിലുള്ള ഒരു വിവരവും ഇപ്പോൾ സർക്കാരിന്റെ കയ്യിലില്ല. അതുകൊണ്ടു തന്നെ അതുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും നടപടികളിലേക്ക് പോലീസോ അധികൃതരോ നീങ്ങിയിട്ടുമില്ല. വാർത്തകൾ പലതും വരുന്നുണ്ട്, അതിൽ നമുക്ക് എന്തു ചെയ്യാൻ പറ്റും. ഞാൻ സാധാരണ നിലയ്ക്ക് ഒരു ചെക്കപ്പിനു പോയപ്പോൾ വാർത്ത വന്നത് പ്ലേറ്റ്ലെറ്റ് കൗണ്ട് കുറഞ്ഞുപോയതുകൊണ്ട് എന്നെ പെട്ടന്ന് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു എന്നാണ്. അങ്ങനെയെല്ലാമുള്ള വാർത്തകളാണ് ഇപ്പോൾ വരുന്നത്, അതിനെന്തു ചെയ്യാൻ കഴിയും. വാർത്തയെ വല്ലാതെ വിശ്വസിക്കാൻ പുറപ്പെട്ടാൽ നമ്മൾ കുഴപ്പത്തിലാകും.

ശ്രീ. എ. എം. ആരിഫ്: സർ, രാഷ്ട്രീയ കൊലപാതകങ്ങൾ എവിടെ നിന്നായാലും ഏത് ഭാഗത്തുനിന്നായാലും അങ്ങേയറ്റം അപലനീയം തന്നെയാണ്. പക്ഷെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ കണക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രി രേഖാമൂലം ഇവിടെ പറഞ്ഞ കണക്കുമുണ്ട്. 2016-ൽ 10

കൊലപാതകങ്ങളും 2017-ൽ 5 കൊലപാതകങ്ങളും, കൊലപാതകത്തിന്റെ എണ്ണം കുറഞ്ഞു വരുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് 08-02-2016-ൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ നൽകിയ ഒരു മറുപടിയുണ്ട്. പ്രൊഫ. സി. രവീന്ദ്രനാഥിന്റെ അൺസ്റ്റാർഡ് ക്വസ്റ്റ്യന്റെ ഉത്തരമാണ്. 'ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?' ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 29 രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും അതിൽ കൊല്ലപ്പെട്ടവർ 16 പേർ സി.പി.(എം) പ്രവർത്തകരാണെന്നും ബഹുമാനപ്പെട്ട ശ്രീ. രമേശ് ചെന്നിത്തല രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. അതിൽ വിവിധ കേസുകളിൽ പ്രതികളായ ബി.ജെ.പി.ക്കാർ 11 പേരും, മുസ്ലീം ലീഗുകാർ കൊല്ലപ്പെട്ട 2 എണ്ണം ഒറ്റ കേസ്സായിട്ടെടുക്കുകയും 3 പേർ കൊല്ലപ്പെട്ടതിൽ 2 കേസ്സായിട്ട് എടുത്ത് 2 പേരും, കോൺഗ്രസ്സുകാർ പ്രതികളായിട്ടുള്ള 2 കേസ്സുമുണ്ട്. അതുപോലെ 08-02-2016 -ൽ കോൺഗ്രസ്സ് ഓഫീസിൽ രാധ എന്ന സ്ത്രീ കൊല്ലപ്പെട്ടതുമായി ബന്ധപ്പെട്ട എന്റെ 241-ാം നമ്പർ

ചോദ്യത്തിൽ സി.ബി.ഐ അന്വേഷണം ഉൾപ്പെടെയുള്ള അന്വേഷണങ്ങൾ ആവശ്യപ്പെടുന്നുണ്ട്. പ്രധാനമന്ത്രിക്കും അതുപോലെ മനുഷ്യാവകാശ കമ്മീഷനും നൽകിയ അപേക്ഷകളൊന്നും തന്നെ പരിഗണിച്ച് സി.ബി.ഐ.ക്ക് വിടുകയോ അതുപോലെ മറ്റ് അന്വേഷണങ്ങൾക്കോ പോകാതിരുന്നിട്ടുണ്ട്. ഇത്തരത്തിൽ വളരെ ഭീകരാന്തരീക്ഷം സൃഷ്ടിച്ചാണ് മധു ഈച്ചരത്തിനെ കൊലപ്പെടുത്തിയത്. ഇതൊന്നുംതന്നെ യു.എ.പി.എ.യോ മറ്റെന്തെങ്കിലും വകുപ്പനുസരിച്ചോ സി.ബി.ഐ. അന്വേഷണത്തിന് വിടാതിരുന്നതെന്താണെന്ന് രേഖകൾ പരിശോധിച്ച് മറുപടി പറയുമോ എന്നതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ അംഗം നിയമസഭയിൽ ഉന്നയിച്ച ചോദ്യവും അതിനു നൽകിയ ഉത്തരവുമൊക്കെ ഉദ്ധരിച്ചുകൊണ്ടാണ് സംസാരിച്ചിട്ടുള്ളത് അതിനെക്കുറിച്ച് ഞാൻ പ്രത്യേകിച്ച് ഒന്നും പറയുന്നില്ല. അതൊക്കെ ഞാൻ അംഗീകരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് 21 മാസമായി, ചരിത്രത്തിൽ ആദ്യമായാണ് ഇത്രയധികം രാഷ്ട്രീയ കൊലപാതകങ്ങൾ ഈ കാലഘട്ടത്തിനുള്ളിൽ നടക്കുന്നത്. സംസ്ഥാനത്ത് ഒരു

ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്നുണ്ടോ? അങ്ങനെയൊരു ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഇത്തരം രാഷ്ട്രീയ കൊലപാതകങ്ങളെക്കുറിച്ച് മുൻകൂട്ടി അവർ വിവരം നൽകുന്നുണ്ടോ, മുൻകൂട്ടി വിവരം നൽകിയിട്ടുണ്ടെങ്കിൽ അത് തടയാൻ വേണ്ടി ഈ ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ, നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ, അല്ലെങ്കിൽ ഇന്റലിജൻസ് ഡിപ്പാർട്ടുമെന്റ് അത്തരം റിപ്പോർട്ട് നൽകിയിട്ടില്ലെങ്കിൽ ഇത് ഇന്റലിജൻസ് ഫെയിലുവർ ആയി ഗവൺമെന്റ് കണക്കാക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഫലപ്രദമായി പ്രവർത്തിക്കുന്ന ഇന്റലിജൻസ് സംവിധാനമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. എന്നാൽ സംഭവങ്ങളുണ്ടാകുമ്പോൾ നമുക്ക് ഇത് മതിയോ എന്ന് സ്വതവേ തോന്നിപ്പോകും. അത് ഇന്റലിജൻസിന്റെ വീഴ്ച കൊണ്ടല്ല. എന്തെങ്കിലും സംഘർഷ സാധ്യതകളുണ്ടോയെന്നും അങ്ങനെ ഉണ്ടെങ്കിൽ അത് മനസ്സിലാക്കാനും റിപ്പോർട്ട് ചെയ്യാനുമുള്ള സംവിധാനമേ ഇന്റലിജൻസിന് ഇപ്പോഴുള്ളൂ. അതിന്റെ ഭാഗമായി ആവശ്യമായ നടപടികൾ നല്ല രീതിയിൽത്തന്നെ സ്വീകരിച്ചു വരുന്നുണ്ട്. അതാത് സ്ഥലത്ത് പട്രോളിംഗ് ശക്തിപ്പെടുത്തുന്നുണ്ട്, മറ്റു

തരത്തിലുള്ള പോലീസ് ഇടപെടലുകൾ വരുന്നുണ്ട്. ജില്ലാ പോലീസ് സംവിധാനത്തെ ആകെ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടിയും ഈ ഇന്റലിജൻസ് റിപ്പോർട്ടുകളുടെ ഭാഗമായി വരുന്നുണ്ട്. ഇന്റലിജൻസ് റിപ്പോർട്ട് പലപ്പോഴും ലഭിക്കാറുണ്ട് അതിന്മേൽ നടപടികൾ സ്വീകരിക്കാറുണ്ട്. ഇന്റലിജൻസ് സംവിധാനത്തിന് എന്തെങ്കിലും പ്രത്യേക പോരായ്മകളുണ്ടെന്ന് ഇതേവരെയുള്ള അനുഭവത്തിൽ തോന്നിയിട്ടില്ല.

മി.സ്പീക്കർ: ചോദ്യം നമ്പർ *153 ഉം *154 ഉം സമാനസ്വഭാവമുള്ളതിനാൽ ക്ലബ് ചെയ്യാവുന്നതാണ്.

**മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണം**

*153 ശ്രീ. കെ.സി. ജോസഫ്:
ശ്രീ. വി.ഡി. സതീശൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷണം ആരുടെ നേതൃത്വത്തിലാണ് നടക്കുന്നത്;

(ബി) അന്വഷണത്തിന്റെ ഭാഗമായി നടത്തുന്ന റെയ്ഡ് ഉൾപ്പെടെയുള്ള വിവരങ്ങൾ പോലീസുദ്യോഗസ്ഥർ തന്നെ ചോർത്തുന്നുവെന്ന് ജില്ലാ പോലീസ്

മേധാവിയായ ശിവവിക്രം സംസ്ഥാനപോലീസ് മേധാവി, ഉത്തരമേഖലാ ഡി.ജി.പി., കണ്ണൂർ റെയിഞ്ച് ഐ.ജി. എന്നിവർക്ക് രേഖാമൂലമോ അല്ലാതെയോ പരാതി നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ അന്വേഷണം നടത്തിയോ; ആരാണ് വിവിരങ്ങൾ ചോർത്തുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചോ;

(ഡി) ഔദ്യോഗിക മര്യാദക്ക് നിരക്കാത്ത പ്രവൃത്തി ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി പ്രഖ്യാപിക്കുവാനുണ്ടായ സാഹചര്യമെന്താണ്;

(ഇ) ഉത്തരവാദിത്വബോധത്തോടെ ജോലി ചെയ്യുന്ന പോലീസുദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള കാര്യങ്ങൾ ചെയ്യുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) കണ്ണൂർ റേഞ്ച് ഐ.ജി. ശ്രീ. മഹിപാൽ യാദവ് ഐ.പി.എസ്-ന്റെ മേൽനോട്ടത്തിൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി ശ്രീ. ജി. ശിവവിക്രം ഐ.പി.എസ് -ന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണ സംഘമാണ് മട്ടന്നൂർ ഷുഹൈബ് വധക്കേസ് അന്വേഷിക്കുന്നത്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി&ഇ) ഔദ്യോഗിക മര്യാദയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപെട്ടാൽ കർശന നടപടികൾ സ്വീകരിക്കുമെന്ന പൊതുവായ പരാമർശമാണ് മാധ്യമ പ്രവർത്തകരുടെ ചോദ്യത്തിനുള്ള മറുപടിയായി സംസ്ഥാന പോലീസ് മേധാവി നൽകിയത്.

**ഷുഹൈബ് വധക്കേസ് അന്വേഷണം**

*154 ശ്രീ. പി.ടി. തോമസ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. വി.എസ്.ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷുഹൈബ് വധക്കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; എത്ര പ്രതികൾ ഉണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

(ബി) ഇതിനകം എത്ര പ്രതികളെ അറസ്റ്റ് ചെയ്തു; പോലീസ് അന്വേഷണം നടത്തിയതിന്റെ ഫലമായിട്ടാണോ പ്രതികളെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചത്;

(സി) പ്രതികൾ പോലീസ് സ്റ്റേഷനിൽ കീഴടങ്ങുകയാണ് ചെയ്തതെന്ന പ്രസ്താവന ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പ്രസ്താവന ഏത് സാഹചര്യത്തിലാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; അല്ലെങ്കിൽ അന്വേഷിക്കുമോ;

(ഡി) ഈ കേസിലെ ഗൂഢാലോചനയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

അതിൽ പങ്കുള്ളവരെ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ&ബി) ഷുഹൈബ് വധക്കേസ് അന്വേഷണാവസ്ഥയിലാണ്. പോലീസിന്റെ അന്വേഷണത്തിന്റെ ഫലമായി പതിനൊന്ന് പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപെട്ടിട്ടില്ല.

(ഡി) ഇക്കാര്യത്തിൽ അന്വേഷണം നടന്നുവരുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, ഇത് കണക്കുകൾ ഉദ്ധരിച്ച് പരസ്പരം വാദിച്ച് ജയിക്കേണ്ട വിഷയമല്ല. കണ്ണൂരിലെ സംഭവങ്ങളുടെ കാരണമെന്താണെന്ന് ഏറ്റവും നന്നായി അറിയാവുന്ന വ്യക്തി അങ്ങുതന്നെയാണ്. അങ്ങയുടെ സഹയാത്രികനായ ശ്രീ. എം. മുകുന്ദൻ ഒരു വാക്കു പറഞ്ഞു, 'കണ്ണൂരിൽ സംഘർഷം അവസാനിപ്പിക്കണമെങ്കിൽ ഒരാൾ വിചാരിക്കണം, ശ്രീ പിണറായി വിജയൻ', അങ്ങയോടുള്ള ഒരു വെല്ലുവിളിയാണത്. നമ്മൾ ഇവിടെ കണക്കുകൾ പറയുമ്പോൾ കണ്ണൂരിൽ സംഘർഷം വർദ്ധിക്കുന്നു. നമ്മുടെ ജില്ലയിലാണ് സംഘർഷം ഉണ്ടായത്. ഷുഹൈബ് വധക്കേസിലെ പ്രതികളെല്ലാം മാർക്സിസ്റ്റുകാരാണ്. ഇവിടെ പറഞ്ഞതുപോലെ അവർ സ്വയം ചെയ്തതല്ല, ഷുഹൈബിനോട് അവർക്ക് വിരോധവുമില്ല. ഇതിന്റെ പിന്നിൽ ഒരു രാഷ്ട്രീയ കോൺസ്പിറസി ഉണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. അതന്വേഷിച്ച്

കണ്ടെത്താതെ കണ്ണൂർ സംഘർഷം അവസാനിക്കില്ല. ദയവായി വെട്ടുകത്തിയെ പ്രതിയാക്കി കേസെടുക്കാതെ ആരാണ് വെട്ടിയത്, ഇതിനു പിന്നിൽ ആരാണെന്നെല്ലാം അന്വേഷിച്ച് കണ്ടെത്തിയില്ലെങ്കിൽ കണ്ണൂരിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കും. ദയവായി കണ്ണൂരിൽ സമാധാനം പുന:സ്ഥാപിക്കാൻ അങ്ങയുടെ കാലത്തെങ്കിലും ശ്രമിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, എം. മുകുന്ദൻ പ്രസിദ്ധനായ സാഹിത്യകാരനാണ്, കലാഹൃദയമാണ് അദ്ദേഹത്തിനുള്ളത്. അതിന്റെ ഭാവനയോടുകൂടി ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ പറഞ്ഞു എന്നുമാത്രമേയുള്ളൂ. ഗവൺമെന്റിന്റെ പ്രതീകമായി മുഖ്യമന്ത്രിയുടെ പേരിട്ടുവെന്നേയുള്ളൂ, അതാണ് എന്റെ പേര് പ്രത്യേകമായി പറയാനിടയായത് എന്നാണ് ഞാൻ കണക്കാക്കുന്നത്. അക്കാര്യത്തിൽ ഒരു കുറ്റബോധവുമില്ല. ഗവൺമെന്റ് കർക്കശമായ നടപടികൾതന്നെയാണ് സ്വീകരിച്ചു വരുന്നത്. അവിടെയുണ്ടായ സംഭവത്തിൽ ആർക്കൊക്കെയാണോ ഇതിൽ പങ്കുള്ളത് അവർക്കെതിരെയാണ് പോലീസ് കേസെടുക്കുന്നത്. അതിൽ ചിലർ ഇപ്പോൾ പ്രതികളായിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഉന്നയിക്കുന്നതു പോലെ ഇനി ആർക്കെങ്കിലും ഇതിൽ പങ്കുണ്ടെങ്കിൽ അവരെയും പോലീസ് കണ്ടെത്തുകതന്നെ ചെയ്യും, ഒരു സംശയവും ആ കാര്യത്തിൽ ആവശ്യമില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, നേരത്തെ ചോദിച്ചതാണ്, ആരും

ആവശ്യപ്പെടാതെ കണ്ണൂരിലെ സർവ്വകക്ഷി യോഗം കഴിഞ്ഞ് ബഹുമാനപ്പെട്ട മന്ത്രി എ. കെ. ബാലൻ പറഞ്ഞു, 'ഏതന്വേഷണവും ഇൻക്ലൂഡിംഗ് സി.ബി.ഐ അന്വേഷണവും നടത്താം' എന്ന്. ആരും ആവശ്യപ്പെടാതെ അദ്ദേഹം ഇത് സ്വയം പറഞ്ഞതാണ്. അങ്ങ് ദയവായി ആ പത്രസമ്മേളനത്തിന്റെ വീഡിയോ ക്ലിപ്പിംഗ് നോക്കണം.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, ഒരേ ചോദ്യം തന്നെ മൂന്നാമത്തെ തവണയാണ് ചോദിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, ചോദിക്കാതിരിക്കാൻ കഴിയില്ല.

മി. സ്പീക്കർ: ചോദ്യം ആവർത്തിച്ചാൽ മുഖ്യമന്ത്രിക്ക് ഉത്തരവും പറയാനുണ്ടാകും.

ശ്രീ. കെ. സി. ജോസഫ്: സർ, ഉത്തരം പറയുന്നത് മുഖ്യമന്ത്രിയല്ലേ. അങ്ങ് വീഡിയോ ക്ലിപ്പിംഗ് നോക്കണം, അദ്ദേഹം പറഞ്ഞത്, അന്വേഷണം ആകാമെന്നാണ്. ഞാൻ ആവർത്തിക്കുന്നു, അന്വേഷണം തൃപ്തികരമല്ല, ആ നിലയ്ക്ക് അന്വേഷണം സംശയരഹിതമാക്കാൻ ഷുഹൈബിന്റെ മാതാവും പിതാവും സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടിരിക്കുന്നു. അങ്ങേയ്ക്ക് പരിമിതികളുണ്ട്, അങ്ങയുടെ പോലീസിന് ഒരിക്കലും ഈ കേസിന് പിന്നിലുള്ള കോൺസ്പിറസി അന്വേഷിക്കാൻ സാധിക്കില്ല, കാരണം പിന്നിലുള്ളത് മാർക്സിസ്റ്റ് പാർട്ടി തന്നെയാണ്. അതുകൊണ്ട് അന്വേഷണം നീതിപൂർവ്വമാക്കാൻ

അന്വേഷണം സി.ബി.ഐ. യ്ക്ക് വിടുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ നിയമ വകുപ്പുമന്ത്രിയുടെ വാക്കുകളിൽ സർക്കാരിന്റെ തുറന്ന മനസ്സാണ് പ്രതിഫലിച്ചത്. അന്വേഷണം ഫലപ്രദമല്ലെങ്കിൽ ഏത് അന്വേഷണസംവിധാനവും ഏർപ്പെടുത്താൻ തയ്യാറാകും എന്നാണ് അദ്ദേഹം ഉറപ്പു നൽകിയത്. അവിടെത്തന്നെയാണ് സർക്കാർ നിൽക്കുന്നത്. അന്വേഷണം ഫലപ്രദമായി നീങ്ങുകയാണ്, പിന്നെയെന്തിനാണ് സി.ബി.ഐ. അന്വേഷണം?

ശ്രീ. വി.ഡി. സതീശൻ: കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സി.പി.ഐ(എം)-ന് ഉണ്ടായ രക്തസാക്ഷികളെക്കുറിച്ച് ഇവിടെ പറഞ്ഞു, ബി.ജെ.പി.-യും അവർക്കുണ്ടായ രക്തസാക്ഷികളെക്കുറിച്ച് പറഞ്ഞു. ഈ രണ്ട് പാർട്ടികൾക്കുമുണ്ടായ രക്തസാക്ഷികളെക്കാൾ കൂടുതൽ ആളുകൾ എതിരാളികളെ കൊല്ലാൻ വേണ്ടിയുള്ള ബോംബു നിർമ്മാണത്തിനിടയിൽ ഈ രണ്ടു പാർട്ടികൾക്കും കണ്ണൂരിൽ ഉണ്ടായിട്ടുണ്ട്. ഷുഹൈബ് കൊലക്കേസിലും മൂന്ന് ബോംബുകൾ എറിഞ്ഞ് ഭീതി സൃഷ്ടിച്ചിട്ടാണ് കൊലപാതകം നടത്തിയത്. കണ്ണൂരിലെ എല്ലാ കൊലപാതകങ്ങൾക്കും കൊലപാതക ശ്രമങ്ങൾക്കും പിന്നിൽ ബോംബുകളുണ്ട്. ബോംബു നിർമ്മാണങ്ങൾ വ്യാപകമായി കണ്ണൂർ ജില്ലയിൽ നടക്കുകയാണ്. ഈ കേസിലെങ്കിലും കുടിൽ വ്യവസായംപോലെ ആ ജില്ല മുഴുവൻ നടക്കുന്ന ബോംബു നിർമ്മാണ വ്യവസായത്തിന്റെ സോഴ്സ് കണ്ടെത്തി,

ഈ നിർമ്മാണ സാമഗ്രികൾ എവിടെ നിന്നെത്തുന്നു; ഈ സ്ഫോടക വസ്തുക്കൾ ആരാണ് ഇവർക്ക് സപ്ലൈ ചെയ്യുന്നത് തുടങ്ങിയ കാര്യങ്ങൾ അന്വേഷിച്ച് ബോംബ് നിർമ്മാണമെങ്കിലും കണ്ണൂരിൽ ശാശ്വതമായി അവസാനിപ്പിക്കാൻ ഈ കൊലപാതകത്തോടുകൂടി ഒരു തുടർനടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കണ്ണൂർ എന്നു പറയുന്നത് ശാന്തമായ ഒരു സ്ഥലമായിരുന്നു. മനുഷ്യർ തമ്മിൽ ചില പ്രശ്നങ്ങൾ പലയിടങ്ങളിലുമുണ്ടാകാറുണ്ട്. അങ്ങനെ ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ടാകാം, ഏറ്റുമുട്ടലുകൾ സംഭവിച്ചിട്ടുമുണ്ടാകും. കണ്ണൂർ ജില്ലയുടെ ചരിത്രം പിരശോധിച്ചാൽ ആദ്യമായി ബോംബ് നിർമ്മിക്കുകയും പ്രയോഗിക്കുകയും ചെയ്തത് ആരാണെന്ന് കാണാൻ കഴിയും, അത് അടിയന്തരാവസ്ഥക്കാലത്താണ്. ബോംബ് പ്രയോഗിച്ച സ്ഥലങ്ങൾ മുഴുവൻ ഞാനിപ്പോൾ പറയുന്നില്ല, പക്ഷേ കുളങ്ങരയത്ത് രാഘവൻ എന്ന ബീഡിത്തൊഴിലാളി പന്തക്കപ്പാറ ബീഡിക്കമ്പനിയുടെ നേരെ നടത്തിയ ആക്രമണത്തിൽ കൊലചെയ്യപ്പെട്ടിരുന്നു. അത് ബഹുമാന്യനായ വി. ഡി. സതീശന് ചിലപ്പോൾ അറിയില്ലായിരിക്കും, പക്ഷേ അതിന് നേതൃത്വം കൊടുത്തത് ആരായിരുന്നുവെന്ന് നേരത്തേ ചോദിച്ചയാൾക്ക് നല്ലതുപോലെയറിയാം. അന്നത്തെ ...ബഹളം...ബഹളം... പറയട്ടെ, നിങ്ങളറിയണ്ടേ ....ബഹളം...... അന്നത്തെ കോൺഗ്രസിന്റെ പ്രധാന

നേതാക്കളായവരായിരുന്ന ആ സംഭവത്തിൽ പ്രതികളായത്. ...ബഹളം....ബഹളം... ആ കേസിൽ ....

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ ഒരു ചോദ്യം ചോദിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറയുന്നു, നിങ്ങൾ എന്തിനാണ് ബഹളം വയ്ക്കുന്നത്? ശ്രീ. വി.ഡി. സതീശൻ അവിടെ അടങ്ങിയിരിക്കുകയാണല്ലോ.......ബഹളം....... അദ്ദേഹത്തിന് ബുദ്ധിമുട്ടില്ലല്ലോ....

ശ്രീ. പിണറായി വിജയൻ: സർ, ആ കേസിൽ ശിക്ഷിക്കപ്പെടുകയും ചെയ്തു. ഇതാണ് കണ്ണൂരിലെ ബോംബിന്റെ തുടക്കം. പിന്നീടൊരു സംഭവം, ഇന്ത്യാ ടുഡേ ബോമ്പുകൾ കാണിച്ചു, ഒരു ബോംബ് മാരകമായ ശേഷിയുള്ളത്, മറ്റൊന്ന് അത്ര ശേഷിയില്ലാത്തത്, അടുത്തത് എറിഞ്ഞാൽ വലിയ പുക ഉയരുന്നത്. ഈ ബോംബുകൾ ഡി.സി.സി. ഓഫീസിൽ വച്ചാണ് കാണിച്ചത്, ആ ഫോട്ടോയാണ് ഞങ്ങൾ കൊടുക്കുന്നത് എന്നാണ് ഇന്ത്യാ ടുഡേ അന്ന് റിപ്പോർട്ട് ചെയ്തത്. ആ കാര്യവും ബഹുമാന്യനായ വി.ഡി. സതീശൻ ഓർക്കുന്നുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഇതാണ് കണ്ണൂരിന്റെ ഒരു ചിത്രം. ഡി.സി.സി. ഓഫീസ് എന്നു പറയുന്നത് കോൺഗ്രസിന്റെ ഓഫീസാണെന്ന് എല്ലാവർക്കുമറിയാം. ...ബഹളം....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...ഇരിക്കു...

ശ്രീ. പിണറായി വിജയൻ: സർ, അതൊന്നും ഒച്ചയിട്ടില്ലാതാക്കാൻ കഴിയുന്ന കാര്യമല്ല. ........ബഹളം... ബഹളം....

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്...ഇരിക്കു...... ഉത്തരം കേൾക്കേണ്ടേ? അടുത്ത ചോദ്യം ചോദിച്ചോളൂ.... ചോദിച്ചതിൽ അപാകതയുണ്ടെങ്കിൽ അടുത്ത ചോദ്യത്തിൽ ചോദിക്കു...... ബഹളം....... ശ്രീ. സണ്ണി ജോസഫാണ് അടുത്ത ചോദ്യം ചോദിക്കേണ്ടത്... ...അദ്ദേഹം ചോദിക്കട്ടെ..

ശ്രീ. പിണറായി വിജയൻ: സർ, ഇതൊന്നും ഒച്ചയിട്ടില്ലാതാക്കാൻ കഴിയുന്ന കാര്യമല്ല, വസ്തുതകളാണ്. ഡി.സി.സി. ഓഫീസിലെ ബോംബുകളുടെ ഭാഗമായിരുന്ന സേവ്യറി ഹോട്ടലിന് നേരെയെറിഞ്ഞ ബോംബ്. അതിന്റെ ഭാഗം തന്നെയായിരുന്ന അന്ന് ചൊവ്വ ബാങ്കിലേയ്ക്കെറിഞ്ഞ ബോംബ്. അതിന്റെ ഭാഗമായിരുന്ന കോ-ഓപ്പറേറ്റീവ് പ്രസ്സിന് നേരെയെറിഞ്ഞ ബോംബ്. ഇതെല്ലാം മറന്നു പോകരുത്. എന്നാൽ ഫലപ്രദമായ നടപടികളാണ് ഇത്തരം കാര്യങ്ങളിൽ സർക്കാർ സ്വീകരിക്കുന്നത്, എവിടെ ബോംബുണ്ടെന്ന് കണ്ടെത്താനുള്ള ശ്രമം നടത്തുകയാണ്. അതിന്റെ ഫലമായിത്തന്നെ ബോംബ് നിർമ്മാണം എവിടെയുണ്ടായാലും ശക്തമായ നടപടി സർക്കാർ സ്വീകരിക്കും.

ശ്രീ. സണ്ണി ജോസഫ്: സർ, ബോംബ് നിർമ്മാണത്തെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, എനിക്കറിയാനുള്ളത്, ഞങ്ങൾക്കെല്ലാവർക്കുമറിയാം, കുടിയാൻമലയിൽ സി.പി.ഐ.(എം.)-ന്റെ ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർ, കെ.എം. ജോസഫിന്റ വീട്ടിൽ ബോംബ് നിർമ്മിക്കവേ ബോംബുപൊട്ടി രണ്ടാളുകൾ മരിച്ചു. ഈ മുഖ്യമന്ത്രി അന്ന് സംസ്ഥാന

സെക്രട്ടറിയായിരുന്ന, ശ്രീകണ്ഠപുരത്ത് വച്ച് അദ്ദേഹമാണ് കുടുംബസഹായ ഫണ്ട് കൊടുത്തത്. അരുവിക്കര തെരഞ്ഞെടുപ്പിനുമുമ്പ് ചെറ്റക്കണ്ടിയിൽ രണ്ട് സി.പി.ഐ(എം) പ്രവർത്തകർ ബോംബു നിർമ്മിക്കുമ്പോൾ ബോംബുപൊട്ടി മരിച്ചു. തലശ്ശേരി കതിരൂരിൽ രണ്ട് സി.പി.ഐ(എം) പ്രവർത്തകർ ബോംബു നിർമ്മിക്കുമ്പോൾ ബോംബുപൊട്ടി മരിച്ചു. മട്ടന്നൂർ കൊളാരിയിൽ ഒരു സി.പി.ഐ(എം) പ്രവർത്തകൻ ബോംബു നിർമ്മിക്കുമ്പോൾ ബോംബുപൊട്ടി മരിച്ചു. ധർമ്മടത്ത് എത്രയാളുകൾക്കാണ് ബോംബു നിർമ്മാണത്തിനിടെ പരുക്ക് പറ്റിയത്? ശ്രീ. പി. ജയരാജന്റെ മകന് ബോംബ് നിർമ്മിക്കുമ്പോൾ കൈയ്ക്ക് പരുക്കുപറ്റി. ഓണത്തിന് പടക്കം പൊട്ടിച്ചതാണെന്ന് പറഞ്ഞു, കേസന്വേഷിച്ച് കേസെടുക്കേണ്ടതായി വന്നു. മാർക്സിസ്റ്റ് പാർട്ടി ഈ ബോംബ് നിർമ്മാണം നിറുത്താൻ തയ്യാറാകുമോ; മുഖ്യമന്ത്രി അതിനായി പാർട്ടിക്ക് നിർദ്ദേശം നൽകുമോ; ഗവൺമെന്റ് തലത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സി.പി.ഐ(എം)-ന് ബോംബ് നിർമ്മാണ ശാലകളുമില്ല, ബോംബ് നിർമ്മാണ പരിപാടിയുമില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് പൂർണ്ണവിശ്വാസം ഉറപ്പിക്കാം. ഇവിടെ ഏത് സ്ഥലത്ത് ബോംബ് ആരുനിർമ്മിച്ചാലും അതിനെതിരെ ശക്തമായ നടപടിയുണ്ടാകും. ഏതെങ്കിലും സ്ഥലത്ത് ബോംബ് നിർമ്മാണം ഉണ്ടെന്ന വിവരം തന്നാലും ശക്തമായ നടപടിയെടുക്കാൻ തയ്യാറാണ്.

Uncorrected/Not for publication

(ചോദ്യോത്തര സമയം കഴിഞ്ഞു.)